കേരള സർക്കാർ

# എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പിൻെറ 1984-85-ലെ ഭരണ റിപ്പോർട്ട്

©
Government of Kerala
1985

PRINTED BY THE S. G. P. AT THE GOVERNMENT PRESS,
TRIVANDRUM, 1985.

# ഇക്കണോമിക്സ് ആൻറ്
# സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ
# 1984-85-ലെ ഭരണ
# റിപ്പോർട്ട്

# കേരള സർക്കാർ

## സംഗ്രഹം

എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പ്—1984–85–ലെ ഭരണ റിപ്പോർട്ട്—പ്രത്യവലോകനം ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചു.

---

## ആസൂത്രണ സാമ്പത്തിക കാര്യ (ബി) വകുപ്പ്

ജി. ഒ. ആർററി/618/85/പ്ലാനിംഗ് തിരുവനന്തപുരം, 1985 ആഗസ്ററ് 21.

---

പരാമർശം:—1–6–1985–ലെ എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് ഡയറക്ടറുടെ പി ബി13-656/85/ഡിഇഎസ്–ാം നമ്പർ കത്ത്.

## ഉത്തരവ്

1. രേഖപ്പെടുത്തി.

2. റിപ്പോർട്ട് വർഷത്തിൽ 30–4–1984 വരെ ശ്രീ. കെ. രാമവർമ്മ ഡയറക്ടറായി സേവനമനുഷ്ഠിച്ചു. 1–5–1984 മുതൽ ശ്രീ. ജോർജ് ജോൺ ഡയറക്ടറായി തുടരുന്നു.

സാങ്കേതിക വിഷയങ്ങളിൽ മൂന്നു അഡീഷണൽ ഡയറക്ടർമാരും ഭരണ നിർവ്വഹണ കാര്യങ്ങളിൽ ഒരു അഡ്മിനിസ്ട്രേററീവ് ആഫീസറും ഡയറക്ടറെ സഹായിച്ചു പോരുന്നു.

3. വകുപ്പിന്റെ പ്രവർത്തനങ്ങൾ

### കാർഷിക സ്ഥിതി വിവരക്കണക്ക് വിഭാഗം

കാർഷിക സ്ഥിതി വിവരക്കണക്ക് സമയാസമയങ്ങളിൽ ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്ന പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ ഭാഗമായി 1984–85–ൽ 264 വില്ലേജുകൾ തെരഞ്ഞെടുത്ത് അവിടെ വിവിധ വിളവുകൾ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, അവയുടെ ഉൽപ്പാദനം, മററു ഭൂവിനിയോഗങ്ങൾ, ജലസേചനം ലഭിക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി തുടങ്ങിയവ സംബന്ധിച്ച് സർവ്വേ തുടരുകയുണ്ടായി. 1982–83–ലെ സർവ്വേ മുഖേന ശേഖരിച്ച വിവരങ്ങൾ അപഗ്രഥിച്ച് കാർഷിക സ്ഥിതി വിവരക്കണക്ക് തയ്യാറാക്കി. 1983–84–ലെ സർവ്വേയുടെ വിവരങ്ങൾ അപഗ്രഥിച്ചുകൊണ്ടിരിക്കുന്നു.

37|4801|MC.

## സമാന്തര സാമ്പിൾ പരിശോധനാ പദ്ധതി

ഈ പദ്ധതി അനുസരിച്ച് 1982–83–ലെ സർവ്വേ മുഖേന ലഭിച്ച വിവരങ്ങളും 1983–84–ലെ വിരിപ്പു മുണ്ടകൻ കാലങ്ങളിൽ ശേഖരിച്ച വിവരവും ക്രോഡീകരിച്ച് നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷന് അയച്ചു കൊടുത്തു. 1983–84–ലെ പുഞ്ചകൃഷിയുടെ വിവരങ്ങൾ അപഗ്രഥിച്ചുകൊണ്ടിരിക്കുന്നു.

## മഴയുടെ സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കൽ

സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ നിന്നും ദിവസേന മഴയുടെ കണക്ക് ശേഖരിച്ച് പൂനയിലെ ഒബ്സർവേററി അഡീഷണൽ ഡയറക്ടർ ജനറലിന് അയച്ചു കൊടുത്തു.

## ഫോർകാസ്ററ് റിപ്പോർട്ട് തയ്യാറാക്കൽ

റിപ്പോർട്ട് വർഷവും പ്രധാനവിളകളെ സംബന്ധിച്ച് ഫോർകാസ്ററ് റിപ്പോർട്ട് തയ്യാറാക്കി ഇൻഡ്യാ ഗവൺമെൻറിനും മററു ബന്ധപ്പെട്ട ആഫീസുകൾക്കും അയച്ചുകൊടുത്തു.

## പ്രധാനപ്പെട്ട കോൺഫറൻസും മീററിംഗുകളും

10–10–1984–ൽ സർവ്വേയുടെ പുരോഗതി വിലയിരുത്തുവാൻ കൂടിയ ഉന്നതതല സമ്മേളനത്തിൻെറ അടിസ്ഥാനത്തിൽ വില്ലേജ് റിക്കാർഡ് തയ്യാറാക്കുന്നതിനായി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരടങ്ങുന്ന ഒരു കമ്മിററി രൂപവൽക്കരിച്ചു.

## കാർഷിക സെൻസസ് 1980–81

മെയിൻ സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പട്ടികകൾക്ക് കേന്ദ്ര സർക്കാർ ഭേദഗതി നിർദ്ദേശിച്ചതിനെത്തുടർന്ന് പുതുക്കിയ പട്ടിക തയ്യാറാക്കി കേന്ദ്രസർക്കാരിന് അയച്ചുകൊടുത്തു. ബാക്കി പട്ടികകൾക്ക് ഭേദഗതി വരുത്തിക്കൊണ്ടിരിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗക്കാരെ സംബന്ധിച്ച പട്ടികകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ഇൻപുട്ട് സർവ്വേയുടെ അടിസ്ഥാനത്തിൽ ജില്ലാതല പട്ടികകൾ തയ്യാറാക്കി. സംസ്ഥാനതല പട്ടിക തയ്യാറാക്കി വരുന്നു.

## കർഷകത്തൊഴിലാളികളേയും മററു ഗ്രാമീണ തൊഴിലാളികളേയും സംബന്ധിച്ച സാമൂഹ്യ സാമ്പത്തിക സർവ്വേ

ഈ സർവ്വേയുടെ ഫീൽഡ്‌വർക്ക് 1984 ജൂലായിൽ അവസാനിച്ചു. വിഭജ്യം തിരിച്ചുള്ള ടാബുലേഷൻ പൂർത്തിയായി. ജില്ലാടിസ്ഥാനത്തിലും സംസ്ഥാനാടിസ്ഥാനത്തിലും ക്രോഡീകരിക്കൽ ജോലി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

കൃഷിചിലവ് കണക്കാക്കൽ സർവ്വേ

1980–81 മുതൽ 1982–83 വരെ ഈ സർവ്വേ മുഖേന ശേഖരിച്ച വിവരങ്ങൾ അടിസ്ഥാനമാക്കി താലൂക്കു തലത്തിൽ തയ്യാർ ചെയ്ത പ്രാഥമിക പട്ടിക ആധാരമാക്കി സംസ്ഥാനതലത്തിലുള്ള പട്ടിക തയ്യാറാക്കി വരുന്നു.

ചെറുകിട ജലസേചനം

തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ ചെറുകിട ജലസേചന പദ്ധതികളുടെ ആയക്കെട്ടു പ്രദേശങ്ങളിലെ ജലസേചന സാദ്ധ്യതയെക്കുറിച്ച് പഠനം നടത്തി. ആദ്യത്തെ രണ്ടുജില്ലകളെ സംബന്ധിച്ച പഠന റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തി. ബാക്കിയുള്ളവ തയ്യാറാക്കിവരുന്നു. കർഷകർ സ്വന്തമായി നടത്തുന്ന ജലസേചന പദ്ധതികളുടെ വികസനത്തെപ്പററി പഠിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിക്കുകയുണ്ടായി.

4. പ്രൈസസ് വിഭാഗം

ഈ വിഭാഗം പ്രൈസ് (ജനറൽ), ഇൻഡക്സ് സീരീസ് എന്നീ രണ്ടു വിഭാഗങ്ങളായി പ്രവർത്തിച്ചു.

1. പ്രൈസ് (ജനറൽ)

ഈ വിഭാഗം താഴെപ്പറയുന്ന ജോലികൾ റിപ്പോർട്ട് വർഷത്തിൽ പൂർത്തിയാക്കി :

1. ഇടുക്കി, വയനാട്, പത്തനംതിട്ട ജില്ലകളൊഴിച്ചുള്ള ജില്ലാ തലസ്ഥാനങ്ങളിൽ നിന്നും 50 അവശ്യ സാധനങ്ങളുടെ ദൈനംദിന വില ശേഖരിച്ച് ക്രോഡീകരിച്ച് ഗവൺമെൻറിന് നൽകി.

2. വിലയുടെ പ്രവണത കാണിക്കുന്ന പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കി അയച്ചുകൊടുത്തു.

3. 92 ഇനം ഉപഭോക്തൃസാധനങ്ങളുടെ പ്രതിവാര ചില്ലറവില ശേഖരിച്ച് ഒരു സൂചിക തയ്യാറാക്കി. 15 കേന്ദ്രങ്ങളുടെ പ്രസ്തുത സൂചിക ഗസററിൽ പരസ്യപ്പെടുത്തി.

1981–82 അടിസ്ഥാന വർഷമായി കുടുംബ ബഡ്ജററ് സർവ്വേ അഞ്ച് കേന്ദ്രങ്ങളിൽ നടത്തി. സിംലയിലെ ലേബർബ്യൂറോ കർഷകത്തൊഴിലാളികൾക്കും വ്യവസായ തൊഴിലാളികൾക്കും വേണ്ടി പ്രസിദ്ധപ്പെടുത്തുന്ന വിലസൂചിക സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ലഭ്യമാക്കി. സർക്കാരിൻെറ വിവിധ വകുപ്പുകൾക്ക് ഭക്ഷ്യവസ്തുക്കളുടേയും മററ് അവശ്യ സാധനങ്ങളുടേയും ചില്ലറ കമ്പോള വില ശേഖരിച്ച് നൽകി.

18 ഇനം വനവിഭവങ്ങളുടെ വില വിവിധ കേന്ദ്രങ്ങളിൽ നിന്ന് ശേഖരിച്ച് വനം വകുപ്പിന് നൽകി.

മാർക്കററ് ഇൻറലിജൻസ് മെച്ചപ്പെടുത്താനുള്ള പദ്ധതിയനുസരിച്ച് കമ്പോള നിലവാരം, കമ്പോളവരവ് തുടങ്ങിയവയെപ്പററിയുള്ള വിവരങ്ങൾ പ്രാഥമികോൽപ്പാദകർക്ക് നൽകി. കമ്പോള നിലവാര ബുള്ളററിൻ തയ്യാറാക്കി ആകാശവാണിയിലൂടെ ദിവസേനയും കമ്പോളനിലവാരാവലോകനം ഞായറാഴ്ചയും ആകാശവാണിയിലൂടെ പ്രക്ഷേപണം ചെയ്തു.

അരിയുടെ തുറന്ന കമ്പോളവിലയെക്കുറിച്ചുള്ള പ്രതിദിന റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിനും റിസർവ്വ് ബാങ്കിനും, സിവിൽസപ്ലൈസ് അധികൃതർക്കും അയച്ചുകൊടുത്തു.

2. ഇൻഡക്സ് സീരീസ് വിഭാഗം

ഈ വിഭാഗം റിപ്പോർട്ട് വർഷത്തിൽ താഴെപ്പറയുന്ന സൂചികകൾ തയ്യാറാക്കി:

1. കാർഷികോൽപ്പന്നങ്ങളുടെ മൊത്തവിലസൂചിക.
2. കാർഷിക വിഭവങ്ങളിൽ നിന്നുള്ള വരുമാനവും അവയ്ക്കുവേണ്ടി വരുന്ന ചിലവുകളും തമ്മിലുള്ള താരതമ്യപഠനസൂചിക.
3. കാർഷിക വേതന സൂചിക.
4. കാർഷികമേഖലയെ സംബന്ധിച്ച് ഏഴു സൂചികകൾ.
5. 27 കാർഷിക വിഭവങ്ങളുടെ ചില്ലറവില ശേഖരിച്ച് കേരള ഗസററിൽ പരസ്യപ്പെടുത്തി.

കൂടാതെ തൊണ്ടോടുകൂടിയ നാളികേരത്തിൻെറ ദൈവാരികവില, 9 കാർഷിക വിഭവങ്ങളുടെ വാർഷിക ശരാശരിവില, കയറിൻെറ പ്രതിവാരവും പ്രതിമാസവും വില, കാർഷികവിഭവങ്ങളുടെ വിലവിവരം എന്നിവ ശേഖരിച്ച് ബന്ധപ്പെട്ടവർക്ക് നൽകി. കേന്ദ്രസർക്കാർ പ്രസിദ്ധംചെയ്യുന്ന മൊത്തവിലസൂചിക ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കി.

5. സംസ്ഥാന വരുമാനനിർണ്ണയ വിഭാഗം

ഈ വിഭാഗം കേരളത്തിൻെറ മൊത്തവരുമാനം വിവിധമേഖലകളിൽ നിന്നും വിവിധ തലങ്ങളിൽ ശേഖരിച്ച് അവയിൽ നിന്ന് മൊത്തവരുമാനവും ആളോഹരി വരുമാനവും നിർണ്ണയിച്ച് അവ മററു സംസ്ഥാനങ്ങളുടെതുമായി താരതമ്യപ്പെടുത്തി പഠനം നടത്തി. ഈ റിപ്പോർട്ടുകൾ ഉൾപ്പെടുത്തി ഒരു ലഘുലേഖ പ്രസിദ്ധപ്പെടുത്തി. 1970–71–മുതൽ 1982–83 വരെയുള്ള കേരളത്തിൻെറ മൊത്തവരുമാനം തിട്ടപ്പെടുത്തി. 1980–81–ലെ തരംതിരിച്ചുള്ള വരുമാനം തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

6. ജനസംഖ്യാ പഠന വിഭാഗം

ഈ വകുപ്പിലെ ജനനമരണസ്ഥിതി വിവരക്കണക്കു വിഭാഗം സംസ്ഥാനമൊട്ടാകെയുള്ള ജനനമരണ സ്ഥിതിവിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

സിവിൽ രജിസ്ട്രേഷൻ, മോഡൽ രജിസ്ട്രേഷൻ, പട്ടണപ്രദേശത്തെ സ്ഥിര താമസക്കാരുടെ ജനനമരണ നിരക്കിൻമേലുള്ള പഠനം, മരണ കാരണങ്ങൾ വ്യക്തമാക്കുന്നതിന് മെഡിക്കൽ ആഫീസറുടെ സർട്ടിഫിക്കററിൻമേലുള്ള പഠനം എന്നിവ റിപ്പോർട്ട് വർഷത്തിലും തുടർന്നു.

ഗ്രാമപ്രദേശങ്ങളിൽ നടത്തിവരാറുള്ള സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി ഈ വർഷവും തുടർന്നു. ഫെർട്ടിലിററി ആൻഡ് മോർട്ടാലിററി സർവ്വേ നടത്തുകയുണ്ടായി.

## 7. വ്യാവസായിക സ്ഥിതിവിവരക്കണക്കു വിഭാഗം

വ്യവസായ മേഖലയിലെ മുടക്കുമുതൽ, വായ്പകൾ, മൊത്തം തൊഴിലാളികൾ, വേതനം, അസംസ്കൃത സാധനങ്ങളുടെ ആവശ്യകത, ലഭ്യത, ഉപയോഗം, ഉൽപ്പാദനമൂല്യം ആത്യന്തികമൂല്യം എന്നിവയെക്കുറിച്ച് ഈ വിഭാഗം വിശദമായി പഠനം നടത്തി. നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷൻ ലഭ്യമാക്കുന്ന പട്ടികകളുടെ അടിസ്ഥാനത്തിൽ 1978–79–ലെ റിപ്പോർട്ട് തയ്യാറാക്കി. 1979–80–ലെ റിപ്പോർട്ട് തയ്യാറാക്കാനുള്ള പ്രാരംഭ നടപടികളാരംഭിച്ചു. 1980–81–ലെ പട്ടിക പരിശോധിച്ചുകൊണ്ടിരിക്കുന്നു.

കൊച്ചി തുറമുഖം വഴിയുള്ള കയററുമതി ഇറക്കുമതിയുടെ കണക്കുകൾ ശേഖരിച്ച് 1982–83–ലെ വിവരങ്ങൾ സമാഹരിച്ചു.

റിപ്പോർട്ടു വർഷത്തിൽ 30–3–1982, 30–6–1982, 30–9–1982, 31–12–1982, 31–3–1983, എന്നീ ത്രൈമാസിക വ്യവസായ ഉൽപ്പന്ന സൂചികകളും 1981–82–ലെ വാർഷിക റിപ്പോർട്ടും പ്രസിദ്ധീകരിച്ചു. 30–6–1983, 30–9–1983 എന്നീ ത്രൈമാസിക റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള നടപടികളാരംഭിച്ചു.

## 8. തൊഴിൽ സ്ഥിതിവിവരക്കണക്കു വിഭാഗം

1982–ൽ രജിസ്ററർ ചെയ്ത ഫാക്ടറികളിലെ വാർഷിക കണക്കുകളും 400 രൂപയ്ക്കു മുകളിൽ 1000 രൂപയ്ക്ക് താഴെ വരുമാനമുള്ള തൊഴിലാളികളുടെ വിവരങ്ങളും ഫാക്ടറി ബോയിലർ ഡയറക്ടറിൽ നിന്നും ശേഖരിച്ച് സിംലയിലുള്ള ലേബർ ബ്യൂറോക്ക് നൽകി. കേരളത്തിലെ തൊഴിൽ മേഖലയിൽ ഉണ്ടായിട്ടുള്ള പണിമുടക്ക്, ലേ ഓഫ്, ഘെരാവോ, സ്ത്രീ തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ, അർദ്ധവാർഷിക കണക്കു പത്രികകളുടെ സൂക്ഷ്മപരിശോധന ഇവ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി ലേബർ ബ്യൂറോക്ക് അയച്ചുകൊടുത്തു.

## 9. മനുഷ്യ ശക്തി വിഭാഗം

റിപ്പോർട്ട് വർഷത്തിൽ ഈ വിഭാഗം മുൻവർഷങ്ങളിലാരംഭിച്ച 5 പഠനങ്ങൾ പൂർത്തിയാക്കി. 15–ഓളം മററ് പഠനങ്ങൾ തുടർന്നു. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരെ സംബന്ധിച്ച രണ്ടു പഠനങ്ങൾ ആരംഭിച്ചു. മാൻപൗവ്വർ ആഫീസർമാർ വിവിധ പരിശീലന കോഴ്സുകളിൽ പങ്കെടുത്തു.

10. ഭവന നിർമ്മാണവും വേതനഘടനാ സർവ്വേയും വിഭാഗം

റിപ്പോർട്ട് വർഷത്തിൽ ഭവന നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചും കെട്ടിട നിർമ്മാണം, വ്യാപാരം എന്നീ രംഗങ്ങളിലെ തൊഴിലാളികളുടെ വേതനഘടനയെക്കുറിച്ചുമുള്ള വിവരങ്ങറം ശേഖരിച്ച് പട്ടിക തയ്യാറാക്കി ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട പട്ടിക ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്കും വേതനഘടന സംബന്ധിച്ച വിവരങ്ങറം ദേശീയ വരുമാന വിഭാഗത്തിനും അയച്ചുകൊടുത്തു.

11. നാഷണൽ സാമ്പിറം സർവ്വേ വിഭാഗം

1984 ജനുവരിയിൽ ജനസംഖ്യ, ജനനമരണം മുതലായവയെക്കുറിച്ചുള്ള 39—ാമത് റൗണ്ട് നാഷണൽ സാമ്പിറം സർവ്വേ ആരംഭിച്ചു. 32—ാമത് റൗണ്ട് സർവ്വേയുടെ റിപ്പോർട്ട് തയ്യാറാക്കി നാഷണൽ സാമ്പിറം സർവ്വേ ഓർഗനൈസേഷന് അയച്ചു. 36—ാമത് റൗണ്ട് സർവ്വേയുടെ ടാബുലേഷൻ ജോലികറം ആരംഭിച്ചു.

12. വിലയിരുത്തൽ പഠനവിഭാഗം

റിപ്പോർട്ട് വർഷത്തിൽ ഈ വിഭാഗം താഴെപ്പറയുന്ന പഠനങ്ങറം ഏറ്റെടുത്തു:

(1) കുന്താപദ്ധതിയുടെ നീരൊഴുക്കു പ്രദേശത്തിലെ മണ്ണൊലിപ്പു നിവാരണ പ്രവർത്തനത്തെ സംബന്ധിച്ച ഏഴാമതു വിലയിരുത്തൽ പഠനം.

(2) തിരുവനന്തപുരം ജില്ലയിലെ വ്യവസായ എസ്റ്റേററിനെപ്പററിയുള്ള പഠനം.

(3) സാഡു പദ്ധതിയനുസരിച്ചുള്ള വായ്പയും അവയുടെ ഉപഭോഗത്തേയും സംബന്ധിച്ച പഠനം.

(4) ഊർജോത്പാദനവും ഉപഭോഗരീതിയേയും സംബന്ധിച്ച പഠനം.

(5) ഹരിജനക്ഷേമവകുപ്പിൻെറ സഹായത്തോടെ നടത്തുന്ന സ്വകാര്യ തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനങ്ങളെ സംബന്ധിച്ച പഠനം.

(6) ഗ്രാമീണ കട ബാദ്ധ്യതാ നിർമ്മാർജ്ജനത്തിൻെറ ഭാഗമായി നിർമ്മിച്ച പാട്ടക്കുടിശികയേയും പലിശക്ക് പണം കൊടുക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള നിയമങ്ങളും സ്വാധീനവും— ഒരു പഠനം.

13. കയർ സർവ്വേ

1984—ൽ ഈ സർവ്വേ മൂന്നുഘട്ടമായി ആരംഭിച്ചു. വീടുകളിലും മററുസ്ഥാപനങ്ങളിലും കയറിൻേറയും കയർ ഉൽപ്പന്നങ്ങളുടേയും ഉപഭോഗം സംബന്ധിച്ചുള്ള വിവരങ്ങറം ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. കയർ ഉൽപ്പാദന യൂണിററുകളിൽ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടേയും ആ മേഖലയിലെ തൊഴിലിനേയും കുറിച്ച് പഠനം നടത്തി. പൂരിപ്പിച്ച ഷെഡ്യൂളുകളുടെ ക്രോഡീകരണവും അനന്തര നടപടികളും തുടരുന്നു. കൂടാതെ മൂന്നു മാതൃകാ കയർ വില്ലേജുകളിൽ നടത്തിയ ബഞ്ചുമാർക്ക് സർവ്വേയുടെ കരട് റിപ്പോർട്ടും തയ്യാറാക്കി.

## 14. മററ് വിഭാഗങ്ങൾ

### സർവ്വേ സ്ററഡീസ് ആൻറ് ഡിസൈൻ വിഭാഗം

ഈ വിഭാഗം റിപ്പോർട്ട് വർഷത്തിൽ താഴെപ്പറയുന്ന സ്കീമുകൾ തയ്യാറാക്കി ഗവൺമെൻറിൻെറ അംഗീകാരത്തിനായി സമർപ്പിച്ചു:

1. കോവളം/വിഴിഞ്ഞം തുറമുഖങ്ങളിൽ ചരക്കു ഗതാഗതം നടത്താനുള്ള സാദ്ധ്യതയെക്കുറിച്ചുള്ള പഠനം.
2. പ്രൈമറി ഹെൽത്ത് കെയർ സംബന്ധിച്ച പഠനം.
3. യൂണിസെഫിൻെറ സഹായത്തോടെ കേരളീയ ഗ്രാമങ്ങളിലെ ആരോഗ്യ സംരക്ഷണ ശുചീകരണ നടപടികളെക്കുറിച്ചുള്ള പഠനം.
4. ചെത്തുതൊഴിലാളികളുടെ ജീവിതനിലവാരത്തെക്കുറിച്ചുള്ള പഠനം.

കൂടാതെ ഇൻഡ്യാ പോപ്പുലേഷൻ പ്രോജക്ട്—3—ൻെറ ഭാഗമായി ഒരു അടിസ്ഥാനസർവ്വേ നടത്തുന്നതിനാവശ്യമായ സ്കീമും ഷെഡ്യൂളുകളും തയ്യാറാക്കി.

### അഡ്മിനിസ്ട്രേററീവ് ഇൻറലിജൻസ് വിഭാഗം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ തയ്യാറാക്കി ഗവൺമെൻറിലേക്ക് അയച്ചു:

1. സാമൂഹ്യ വികസന പരിപാടികളുടെ ത്രൈമാസിക റിപ്പോർട്ടും വാർഷിക റിപ്പോർട്ടും.
2. പ്രാദേശിക വികസന പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന ത്രൈമാസിക റിപ്പോർട്ട്.

### ഔദ്യോഗിക ഭാഷാവിഭാഗം

കേന്ദ്ര ഗവൺമെൻറ് ഏജൻസികളുമായി കത്തിടപാടുകൾ നടത്തേണ്ടതു കൊണ്ട് ഭരണഭാഷ പൂർണ്ണമായും മലയാളത്തിലാക്കാൻ സാദ്ധ്യമാവുന്നില്ല. എന്നാൽ സംസ്ഥാനത്തിനുള്ളിൽ ഒതുങ്ങി നിൽക്കുന്ന പ്രവർത്തനമേഖലകളിൽ മലയാളം നടപ്പിലാക്കുന്ന കാര്യത്തിൽ പുരോഗതി നേടുകയുണ്ടായി.

### ഏകോപന വിഭാഗം

ഈ വിഭാഗത്തിൻെറ മേൽനോട്ടത്തിൽ 1984 മേയ് 18 മുതൽ 28 വരെയുള്ള ദിവസങ്ങളിൽ വിവിധ വകുപ്പുകളിലെ സ്ററാററിസ്ററിക്കൽ വിഭാഗം മേധാവികളുടെ യോഗം വിളിച്ചുകൂട്ടി നടപ്പുവർഷത്തെ പ്രവർത്തനം അവലോകനം ചെയ്യുകയും അവ മെച്ചപ്പെടുത്തുന്നതിനാവശ്യമായ തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

## മെക്കാനിക്കൽ ടാബുലേഷൻ വിഭാഗം

ഈ വിഭാഗം 4 ഷിഫ്ടുകളായി റിപ്പോർട്ട് വർഷത്തിൽ പ്രവർത്തിച്ചു. ഈ വിഭാഗത്തിലെ മെഷീനുകളെല്ലാം തന്നെ പ്രവർത്തനക്ഷമമായിരുന്നു. 1980–ലെ എക്കണോമിക്ക് സെൻസസിലെ സർവ്വേ വിവരങ്ങൾ പഞ്ച് ചെയ്ത് വെരിഫൈ ചെയ്ത് യൂണിവേഴ്സിററി കമ്പ്യൂട്ടർ സെൻററിനു നൽകി. നാഷണൽ സാമ്പിൾ സർവ്വേയുടെ തിരുത്തൽ ജോലി, സർക്കാർ ജീവനക്കാരെ സംബന്ധിച്ച സർവ്വേയുടെ ടാബുലേഷൻ ജോലി, വൈററൽ സ്ററാററിസ്ററിക്സിൻെറ കോഡിംഗ്, പഞ്ചിംഗ്, വെരിഫിക്കേഷൻ, ടാബുലേഷൻ ജോലികൾ എന്നിവ 1984–85–ൽ ചെയ്യുകയുണ്ടായി.

## പ്രസിദ്ധീകരണ വിഭാഗം

റിപ്പോർട്ടു വർഷത്തിൽ 'കേരള അററ് എ ഗ്ലാൻസ്' 'കേരള എക്കണോമി 84' എന്നിവയുൾപ്പെടെ പതിനേഴോളം റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു.

## പ്ലാനിംഗ് വിഭാഗം

വകുപ്പിലെ പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്ത് പ്രതിമാസം, ത്രൈമാസിക–അർദ്ധവാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കി കേന്ദ്ര–സംസ്ഥാന ഗവൺമെൻറുകൾക്ക് അയച്ചു. റിപ്പോർട്ടു വർഷത്തിൽ വകുപ്പിലെ 76 ഉദ്യോഗസ്ഥൻമാർക്കു സാങ്കേതിക പരിശീലനം നൽകുകയുണ്ടായി.

## 15. ചെലവുകൾ

റിപ്പോർട്ടു വർഷത്തിൽ വിവിധ പദ്ധതികൾക്കായി 2 കോടി 61 ലക്ഷം രൂപ ചെലവാക്കുകയുണ്ടായി.

16. റിപ്പോർട്ട് വർഷത്തിൽ വകുപ്പിൻെറ പ്രവർത്തനം പൊതുവെ തൃപ്തികരമായിരുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ. മുത്തുകൃഷ്ണൻനായർ,

അണ്ടർ സെക്രട്ടറി.

ഡയറക്ടർ ഓഫ് എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ്.
സൂപ്രണ്ട്, ഗവ: പ്രസ്സ്, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ, കേരള, തിരുവനന്തപുരം.
പൊതുഭരണ (എ. ആർ.) വകുപ്പ്.

## അദ്ധ്യായം I

### 1.1 ആമുഖം

കേരളാ യൂണിവേഴ്സിററിയുടെ ഒരു പ്രത്യേക ഘടകമായി പ്രവർത്തിച്ചിരുന്ന ബോർഡ് ഓഫ് സ്ററാററിസ്ററിക്സ്, സ്ററാററിസ്ററിക്സ് ഡിപ്പാർട്ടുമെൻറ് എന്ന ഒരു പ്രത്യേക വകുപ്പായി 1954–ൽ രൂപം കൊള്ളുകയും തുടർന്ന് 1963–ൽ ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് എന്ന പേരിൽ സാമ്പത്തിക സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കേണ്ട ഒരുമേജർ വകുപ്പായിതീരുകയും ചെയ്തു. ഇപ്പോൾ ഈ വകുപ്പ് ഇക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പ് എന്നറിയപ്പെടുന്ന ഈ വകുപ്പ് സാമ്പത്തിക സ്ഥിതി വിവരക്കണക്കുകളെ സംബന്ധിച്ചിടത്തോളം അവയുടെ സ്വരൂപിക്കൽ ക്രമീകരിക്കൽ, അപഗ്രഥനം എന്നീ മേഖലകളിൽ സംസ്ഥാനത്തെ മുഖ്യഘടകമായി നിലകൊള്ളുന്നു. കൂടാതെ സ്ഥിതി വിവരക്കണക്കുകളെ സംബന്ധിച്ചുള്ള പരാമർശങ്ങൾക്ക് സർക്കാരിൻെറ ഒരു ഉപദേശഘടകമായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തിൻെറ സാമ്പത്തിക സ്ഥിതി വിവരക്കണക്കുകളെ സംബന്ധിച്ച് ആധികാരികമായ റിപ്പോർട്ടുകൾ വിശകലനം ചെയ്ത് കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കും മററു സാമ്പത്തിക കേന്ദ്രങ്ങൾക്കും അയച്ചുകൊടുക്കുന്നതും ഈ വകുപ്പിൻെറ ചുമതലയിൽപ്പെട്ടതുമാകുന്നു. തൻമൂലം കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഈ വകുപ്പ് പരമപ്രധാനമായ ഒരു പങ്ക് നിർവ്വഹിച്ചുപോരുന്നു.

### ഉദ്യോഗസ്ഥൻമാർ

### 1.2 ഡയറക്ടർ

റിപ്പോർട്ടു വർഷത്തിൽ 30–4–1984-വരെ ഡയറക്ടറായിരുന്ന ശ്രീ.കെ. രാമവർമ്മ 30–4–1984–ന് വൈകുന്നേരം സർവ്വീസിൽനിന്നും വിരമിച്ചു. 1–5–1984 മുതൽ ശ്രീ. എൻ. ജോർജ് ജോൺ ഡയറക്ടറായി സേവനമനുഷ്ടിച്ചുവരുന്നു.

### 1.3 അഡീഷണൽ ഡയറക്ടർമാർ

റിപ്പോർട്ടുവർഷത്തിൽ അഡീഷണൽ ഡയറക്ടർ (ജനറൽ) ആയിരുന്ന ശ്രീ. കെ. ഈശ്വരൻകുട്ടി 31–5–1984–ന് വൈകുന്നേരം സർവ്വീസിൽനിന്നും വിരമിച്ചു. 11–6–1984 മുതൽ ശ്രീ. കെ, ബാലകൃഷ്ണൻനായർ അഡീഷണൽ ഡയറക്ടർ (ജനറലായി) തുടർന്നുവരുന്നു. 25–2–1984 മുതൽ ''പശ്ചിമഘട്ട'' പദ്ധതിയിൽ അഡീഷണൽ ഡയറക്ടറായിരുന്ന ശ്രീ. എൻ. ഗോപാലകൃഷ്ണൻ 30–6–1984-ന് സർവ്വീസിൽ നിന്നും പിരിഞ്ഞു. ശ്രീ. എസ്. സ്ഥാണുകൃഷ്ണയ്യർ 15–5–1984-ന് അഡീഷണൽ ഡയറക്ടർ (പ്രൈസസ്) ആയി നിയമിതനാവുകയും 31–1–1985-ന് സർവ്വീസിൽനിന്നും വിരമിക്കുകയും ചെയ്തു. 11–6–1984 മുതൽ അഡീഷണൽ ഡയറക്ടർ (സ്റേററ് ഇൻകം) ആയി ശ്രീമതി പി. എൽ. ശ്രീദേവിയമ്മ തുടർന്നുവരുന്നു. 7–5–1984–ലെ ഗവൺമെൻറ് ഉത്തരവു പ്രകാരം അഡീഷണൽ ഡയറക്ടർമാരായി നിയമിക്കപ്പെട്ട ശ്രീ. ജി. രാമചന്ദ്രൻ നായർ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനിലും ഡോ: ററി. എഡ്വിൻ ഇൻസ്ററിററ്യൂട്ട് ഓഫ് മാനേജ്മെൻറ് ഇൻ ഗവൺമെൻറിലും സേവനമനുഷ്ടിച്ചുവരുന്നു.

## 1.4 അഡ്മിനിസ്ട്രേററീവ് ആഫീസർ.

റിപ്പോർട്ടുവർഷത്തിൽ 8—8—1984 വരെ ശ്രീ. എസ്. വിശ്വനാഥപിള്ള അഡ്മിനിസ്ട്രേററീവ് ആഫീസറായിരുന്നു. 9—8—1984 മുതൽ ശ്രീ. രാജേശ്വരൻ നായർ അഡ്മിനിസ്ട്രേററീവ് ഓഫീസറായി സേവനമനുഷ്ഠിച്ചു വരുന്നു.

## 1.5 ജോയിൻറ് ഡയറക്ടർമാർ.

റിപ്പോർട്ടുവർഷത്തിൽ താഴെ പറയുന്നവർ ജോയിൻറ് ഡയറക്ടർമാരായിരുന്നു.

1. ശ്രീ. കെ. ഭാസ്ക്കരമേനോൻ (കമാൻഡ് ഏറിയ ഡവലപ്പ്മെൻറ് അതോറിററിയിൽ നിയോജനം)
2. ശ്രീ. ജി. സോമശേഖരൻ നായർ (കേരള യൂണിവേഴ്സിററിയിലെ പോപ്പുലേഷൻ റിസർച്ച് സെൻററിൽ നിയോജനം)
3. ശ്രീമതി എസ്. രത്നാഭായി അമ്മാൾ
4. ശ്രീമതി ററി. സരസ്വതിയമ്മ
5. ശ്രീ. ററി. ജനാർദ്ദനമേനോൻ (മൃഗസംരക്ഷണവകുപ്പ്)
6. ശ്രീ. എ. ബാലകൃഷ്ണൻ (കേരള ഗസററിയേഴ്സിൽ നിയോജനം)
7. ശ്രീ. എൻ. വി. ജോർജ് (വിദ്യാഭ്യാസഡയറക്ടറേററ്)
8. ശ്രീ.വാസുദേവൻ നമ്പൂതിരി (30—6—1984—ന് സർവ്വീസിൽ നിന്നും വിരമിച്ചു)
9. ശ്രീ. ററി. പി. രാജഗോപാലൻ
10. ശ്രീ. സി. ആർ. പരമേശ്വരൻ
11. ശ്രീ. എസ്. നടരാജൻ (ലാൻഡ്യൂസ് ബോർഡിൽ നിയോജനം)
12. ശ്രീ. കെ. അച്ചുതൻ
13. ഡോ: എം. കുട്ടപ്പൻ
14. ശ്രീമതി സി. സൈനബ

## 1.6 ഡെപ്യൂട്ടി ഡയറക്ടർമാർ

1984—85-ൽ താഴെ പറയുന്നവർ ഡെപ്യൂട്ടി ഡയറക്ടർമാരായി തുടർന്നു.

1. ശ്രീ. വി. കെ. പാററൽഉണ്ണി
2. ശ്രീ. എം. കെ. ഭാസ്ക്കരപിള്ള
3. ശ്രീമതി കെ. ലീലാകുമാരി
4. ശ്രീ. കെ. പി. മാധവക്കുറുപ്പ്
5. ശ്രീ. പി. ബി. ലക്ഷ്മണൻ
6. ശ്രീ. പി. ഗോപാലൻ
7. ശ്രീ. കെ. ഈശ്വരൻ നമ്പൂതിരി (വനംവകുപ്പ്)

8. ശ്രീ. ഒ. അയ്യപ്പൻ
9. ശ്രീ. പി. വൈ. ജേക്കബ് (കൃഷി വകുപ്പ്)
10. ശ്രീ. റ്റി. ആർ. വേലായുധൻ (വികസനവകുപ്പ് സെക്രട്ടറിയേററ്)
11. ശ്രീ. യു. തോമസ് സ്ലീബാ
12. ശ്രീ. ഇ. ജമാൽ മുഹമ്മദ്
13. ശ്രീ. എം. എൻ. രാജൻ
14. ശ്രീ. എ. മീരാസാഹിബ്
15. ശ്രീ. ആർ. പരമേശ്വരൻ നായർ (വെസ്ററേൺ ഘട്ട്)
16. ശ്രീ. എൻ. വിക്രമൻ നായർ (മൽസ്യബന്ധനവകുപ്പ്).
17. ശ്രീമതി എസ് സുനീത (വ്യവസായ വാണിജ്യ വകുപ്പ്)
18. ശ്രീ. സി. സോമവർമ്മ
19. ശ്രീ. ഇ. പി. രാമൻ നമ്പൂതിരി
20. ശ്രീ. സി. ജി. വാസുദേവൻ നായർ (പ്ലാൻേറഷൻ കോർപ്പറേഷൻ)
21. ശ്രീ. എ. എം. ഹരിദാസൻ നായർ
22. ശ്രീ. വി. എ. എബ്രഹാം
23. ശ്രീ. പി. ജെ. ബേസിൽ
24. ശ്രീ. എൻ. രാജേന്ദ്രൻ (31–1–1985-ന് സർവ്വീസിൽ നിന്നും പിരിഞ്ഞു).
25. ശ്രീ. യു. ബാലാജി (28–2–1985–ന് സർവ്വീസിൽ നിന്നും വിരമിച്ചു).

## 1.7 അസിസ്ററൻറ് ഡയറക്ടർമാർ

അസിസ്ററൻറ് ഡയറക്ടർമാരായി 1984–85-ൽ താഴെ കാണിച്ചിട്ടുള്ളവർ പ്രവർത്തിച്ചു.

1. ശ്രീമതി മധുരവാണിയമ്മാൾ
2. ശ്രീ. എം. ഷംസുദ്ദീൻ
3. ശ്രീ. ഇ. പി. ഗോവിന്ദപിള്ള
4. ശ്രീ. കെ. എൻ. സഹദേവൻ (ദീർഘകാല അവധി)
5. ശ്രീ. പി. ജെ. ജോഷ്വാ (31–10–1984–ന് സർവ്വീസിൽ നിന്നും വിരമിച്ചു).
6. ശ്രീ. മാത്യൂതോമസ് (പ്ലാനിംഗ് വിഭാഗം സെക്രട്ടറിയേററ്)
7. ശ്രീ. പി. കെ. ചന്ദ്രു നായർ
8. ശ്രീ. വി. പി. മാത്യു (ദീർഘകാല അവധി)
9. ശ്രീമതി ജെ. പത്മം
10. ശ്രീ. എം. ഉണ്ണിക്കൃഷ്ണൻ
11. ശ്രീ. വി. പരമേശ്വരൻ നായർ (കൃഷിവകുപ്പ്)
12. ശ്രീ. റ്റി. യോഹന്നാൻ

13. ശ്രീ. വി. എം. കുമാരൻ
14. ശ്രീമതി എം. എസ്. വൽസല
15. ശ്രീ. കെ. മുഹമ്മദ് കുട്ടി (ട്രാവൻകൂർ റൈററാനിയം പ്രൊഡക്സിൽ നിയോജനം)
16. ശ്രീ. ആർ. മോഹൻദാസ്
17. ശ്രീമതി എസ്. ഇന്ദിര
18. ശ്രീ. കെ. ബാലകൃഷ്ണമേനോൻ
19. ശ്രീമതി എ. സരസമ്മ
20. ശ്രീമതി സി. വൈജയന്തി
21. ശ്രീ. കെ. മാധവനുണ്ണി (നികുതിവകുപ്പ്)
22. ശ്രീമതി കെ. ലില്ലിക്കുട്ടി വർഗ്ഗീസ്
23. ശ്രീ. സി. പി. ഗോപിനാഥൻ നായർ
24. ശ്രീ. ററി. ജി. ഫ്രാൻസിസ്
25. ശ്രീ. ജി. രവീന്ദ്രനാഥൻ ആചാരി
26. ശ്രീ. കെ. ദിവാകരൻ പിള്ള (ടൂറിസം ഡവലപ്പ്മെൻറ് കോർപ്പറേഷനിൽ നിയോജനം)
27. ശ്രീ. കെ. വാസുദേവഭട്ടതിരി (ലാൻഡ് യൂസ് ബോർഡിൽ നിയോജനം)
28. ശ്രീ. കെ. പി. അലക്സാണ്ടർ
29. ശ്രീ. ജോസഫ് ജെ. കാവുക്കാട്ട്
30. ശ്രീ. എൻ. നാരായണ പിള്ള
31. ശ്രീമതി രാജിപ്രസാദ് (കൈത്തറി വികസനം)
32. ശ്രീമതി കെ. ലീല
33. ശ്രീ. സി. അപ്പുക്കുട്ടൻ പിള്ള
34. ശ്രീ. കെ. ററി. തോമസ
35. ശ്രീ. കെ. പി. കേശവൻ നായർ
36. ശ്രീ. പി. സി. ജയിൻ
37. ശ്രീ. കെ. ജോർജ് മത്തായി
38. ശ്രീ. പി. ററി. ആൻറണി
39. ശ്രീ. ജി. മുരുകൻ
40. ഡോക്ടർ എസ്. രാധ.

## 1.8 അഡ്മിനിസ്ട്രേററീവ് അസിസ്ററൻറുമാർ

1. ശ്രീ. ആർ. വി. അനന്തസുബ്രഹ്മണ്യം (ലാൻഡ് യൂസ് ബോർഡിൽ നിയോജനം) ശ്രീ. കെ. പി. കരുണാകരൻ, ശ്രീമതി വി. എസ്. ജാനകി എന്നിവർ നടപ്പുവർഷത്തിൽ അഡ്മിനിസ്ട്രേററീവ് അസിസ്ററൻറുമാരായി തുടർന്നു.

## 1.9 ജില്ലാ ഓഫീസർമാർ/റീജിയണൽ സ്ററാററിസ്ററിക്കൽ ഓഫീസർ

ടി തസ്തികയിൽ പ്രസ്തുത വർഷം തുടർന്നവരുടെ പേരുവിവരം താഴെ കൊടുക്കുന്നു.

1. ശ്രീ. എ. ഷാഹുൽ ഹമീദ് (സിവിൽ സപ്ലൈസ്)
2. ശ്രീ. എച്ച്. പത്മനാഭയ്യർ
3. ശ്രീ. കെ. അനന്തനാരായണയ്യർ
4. ശ്രീ. എം. മുഹമ്മദ് സർവ്വർഖാൻ
5. ശ്രീ. കെ. കെ. സുകുമാരൻ (31–3–1985-ന് സർവ്വീസിൽ നിന്നും വിരമിച്ചു)
6. ശ്രീ. കെ. എൻ. രാധാകൃഷ്ണൻ നായർ
7. ശ്രീ. വി. സി. കുര്യൻ
8. ശ്രീ. ററി. ദിവാകരൻനായർ
9. ശ്രീമതി എസ്. സരസ്വതി (31–3–1985-ന് സർവ്വീസിൽ നിന്നും വിരമിച്ചു)
10. ശ്രീ. വി. സി. ജോർജ്
11. ശ്രീ. ഡി. കെ. വിദ്യാനന്ദൻ
12. ശ്രീ. കെ. പി. കരുണാകരൻപിള്ള:
13. ശ്രീ. എം.കെ. ഷൺമുഖം
14. ശ്രീ. എച്ച്. ജോൺസൺ
15. ശ്രീ. കെ. ശ്രീകണ്ഠൻ നായർ (ടാക്സസ് വകുപ്പ്)
16. ശ്രീ. എൻ. ബാലകൃഷ്ണൻ നായർ
17. ശ്രീ. കെ. നാരായണൻ നായർ
18. ശ്രീ. ഡി. സുകുമാരൻ നായർ
19. ശ്രീ. കെ. രാമക്കുറുപ്പ്.

# അദ്ധ്യായം 2

# കാർഷീക സ്ഥിതിവിവരക്കണക്കു വിഭാഗം

## 2.1 റൈറംമിലി റിപ്പോർട്ടിംഗ് സർവ്വെ സ്കീം

1975–76-ന് മുൻപ് ഭൂവിനിയോഗം തിട്ടപ്പെടുത്തിയിരുന്നത് സാമ്പിറം സർവ്വേ, താൽക്കാലികമായി നടത്തുന്ന വിളവെടുപ്പ് സർവ്വേ എന്നിവയുടെ അടിസ്ഥാനത്തിലായിരുന്നു. ഇങ്ങനെ തയ്യാറാക്കുന്ന സ്ഥിതിവിവരക്കണക്കിൻെറ കൃത്യത മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഓരോ കാലത്തും കൃഷി ചെയ്യുന്ന വിളകളുടെ വിവരങ്ങരം ശേഖരിച്ച് റിപ്പോർട്ടു ചെയ്യുന്നതിനുവേണ്ടി ഒരു ഏജൻസി ഏർപ്പെടുത്തി. 1975–76 മുതൽ ഏർപ്പെടുത്തിയ ഈ പദ്ധതിയെ കാർഷിക സ്ഥിതിവിവരക്കണക്ക് സമയാസമയങ്ങളിൽ ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുള്ള പദ്ധതി (ഇ. എ. ആർ. എ. എസ്.) എന്നാണ് അറിയപ്പെടുന്നത്.

വിവിധയിനം വിളവുകഠം കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി അവയുടെ ഉൽപ്പാദനം, മററു ഭൂവിനിയോഗങ്ങഠം, വിവിധ മാർഗ്ഗങ്ങളിലൂടെ ജലസേചനം ലഭിക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി, അത്യുൽപ്പാദന ശേഷിയുളള നെൽക്കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി തുടങ്ങിയ വിവരങ്ങഠം യഥാകാലം ശേഖരിക്കുകയും അതനുസരിച്ച് കാർഷിക സ്ഥിതി വിവര പട്ടിക തയ്യാറാക്കുകയുമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. അഞ്ച് വർഷം കൊണ്ട് സംസ്ഥാനമൊട്ടാകെയുളള എല്ലാ വില്ലേജുകളിലേയും കാർഷിക സ്ഥിതിവിവരം ശേഖരിക്കുകയാണ് ലക്ഷ്യം. ഇതനുസരിച്ച് ഒന്നാം ഘട്ടം 1975—76—ൽ ആരംഭിച്ച് 1980—81—ൽ പൂർത്തിയാക്കി. 1981 ജൂലൈയിൽ രണ്ടാം ഘട്ടം ആരംഭിച്ചു. ഓരോ വർഷവും 20 ശതമാനം റവന്യൂ വില്ലേജുകഠം സർവ്വേ ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുളളത്. ഇതനുസരിച്ച് 60 ശതമാനം വില്ലേജുകഠം സർവ്വേ ചെയ്തു കഴിഞ്ഞു. 1984—85—ൽ 264 വില്ലേജുകഠം തിരഞ്ഞെടുത്തു. ഈ വില്ലേജുകളിൽ സർവ്വേ തുടരുന്നു. ഇതിനു വേണ്ടി വരുന്ന ചെലവിന്റെ 50 ശതമാനം കേന്ദ്രഗവൺമെൻറും 50 ശതമാനം സംസ്ഥാന ഗവൺമെൻറും വഹിക്കുന്നു. ഇതിൽ ഉഠംപ്പെടുത്തിയിരിക്കുന്ന ഇൻവെസ്ററിഗേററർമാരേയും സ്ററാററിസ്ററിക്കൽ ഇൻസ്പെക്ടർമാരേയും കൂടാതെ ഡിപ്പാർട്ടുമെൻറിലുളള 181 ഇൻവെസ്ററിഗേററർമാരും 51 ഇൻസ്പെക്ടർമാരും ഉഠംപ്പെടെ മൊത്തം 902 ഇൻവെസ്ററിഗേററർമാരും 125 ഇൻസ്പെക്ടർമാരുമാണ് ഈ സർവ്വേ ചെയ്യുന്നത്.

വില്ലേജുകളിൽ നിന്ന് സർവ്വേയ്ക്കുവേണ്ടിയുളള വിവരങ്ങഠം ശേഖരിക്കുന്നത് ഇൻവെസ്ററിഗേററർമാരാണ്. താലൂക്ക് തലത്തിൽ സ്ററാററിസ്ററിക്കൽ ഇൻസ്പെക്ടറും അഡീഷണൽ സ്ററാററിസ്ററിക്കൽ ഇൻസ്പെക്ടറും ജില്ലാതലത്തിൽ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ആഫീസർ, അഡീഷണൽ ജില്ലാ ആഫീസർ എന്നിവരും ഇതിന്റെ ചുമതല വഹിക്കുന്നു. സർവ്വേമൂലം ശേഖരിക്കുന്ന വിവരണങ്ങഠം ക്രോഡീകരിച്ച് ജില്ലാ ആഫീസുകളിൽ നിന്നും ഹെഡ് ഓഫീസിൽ എത്തിക്കുന്നു. 1984—85—ലെ ഭൂവിനിയോഗത്തിന്റെയും ജലസേചനത്തിന്റെയും ഓരോ വിളയും കൃഷി ചെയ്യുന്ന സ്ഥലത്തിന്റെയും വിവരങ്ങഠം ശേഖരിച്ചുവരുന്നു. നെൽക്കൃഷിയുടെ വിരിപ്പുകാലത്തെ വിവരങ്ങഠം ശേഖരിച്ച് കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, ഉൽപ്പാദിപ്പിച്ച നെല്ല് എന്നിവ തിട്ടപ്പെടുത്തി. മുണ്ടകൻ നെൽക്കൃഷിയുടെ വിവരങ്ങഠം ശേഖരിച്ചുകൊണ്ടിരിക്കുന്നു. വിളവെടുപ്പ് പരീക്ഷണങ്ങഠം നടത്തുവാൻവേണ്ടി നെല്ല്, മരച്ചീനി, തെങ്ങ്, കമുക് കശുമാവ്, കുരുമുളക്, കൊക്കോ, ഇഞ്ചി, എളള്, മധുരക്കിഴങ്ങ്, കരിമ്പ് എന്നിവ തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ തെങ്ങ്, കമുക്, കൊക്കോ, മരച്ചീനി, ഇഞ്ചി, മധുരക്കിഴങ്ങ്, കരിമ്പ് എന്നിവയുടെ പരീക്ഷണങ്ങഠം പുരോഗമിക്കുന്നു. വിരിപ്പു നെൽക്കൃഷിയുടെയും മുണ്ടകൻ നെൽക്കൃഷിയുടെയും വിളവെടുപ്പ് പരീക്ഷണങ്ങഠം കഴിഞ്ഞു. മററു വിളകഠംക്കു പരീക്ഷണം നടത്താനുളള പ്രാഥമിക ജോലികഠം പൂർത്തിയായിക്കഴിഞ്ഞു. ഓരോ വിളകഠംക്കും നടത്താൻ തീരുമാനിച്ചിട്ടുളള വിളവെടുപ്പ് പരീക്ഷണങ്ങഠം താഴെ കൊടുക്കുന്നു.

| | |
|---|---|
| നെല്ല്—വിരിപ്പ് | 1562 |
| മുണ്ടകൻ | 1560 |
| പുഞ്ച | 1007 |
| മരച്ചീനി | 1103 |
| തെങ്ങ് | 541 |

| | |
|---|---|
| അടയ്ക്ക | 420 |
| കശുവണ്ടി | 398 |
| കുരുമുളക് | 384 |
| കൊക്കോ | 300 |
| ഇഞ്ചി | 315 |
| എള്ള് | 260 |
| മധുരക്കിഴങ്ങ് | 170 |
| കരിമ്പ് | 24 |

1982–83–ലെ സർവ്വേ മുഖാന്തിരം ശേഖരിച്ച വിവരങ്ങൾ അപഗ്രഥിക്കുകയും കാർഷികസ്ഥിതി വിവരക്കണക്ക് തയ്യാറാക്കുകയും ചെയ്തു. 1983–84–ലെ സർവ്വേയുടെ വിവരങ്ങൾ അപഗ്രഥിച്ചുകൊണ്ടിരിക്കുന്നു.

## 2.2 സമാന്തരസാമ്പിൾ പരിശോധനാ പദ്ധതി

ററി. ആർ. എസ്സിനു തിരഞ്ഞെടുക്കപ്പെട്ട എല്ലാ വില്ലേജുകളിലും ഈ പദ്ധതി നടപ്പാക്കുകയുണ്ടായി. ഇതനുസരിച്ചുള്ള ഫീൽഡ്‌വർക്ക് 50 ശതമാനം വില്ലേജുകളിൽ നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷനും 50 ശതമാനം അഡീഷണൽ ജില്ലാ ഓഫീസർമാരും നടത്തുന്നു. 1982–83–ലെ സർവ്വേ മുഖാന്തിരം ലഭിച്ച വിവരങ്ങളും 1983–84–ലെ വിരിപ്പു മുണ്ടകൻ കാലങ്ങളിൽ ശേഖരിച്ച വിവരവും ക്രോഡീകരിച്ച് നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷന് അയച്ചുകൊടുത്തു. 1983–84–ലെ പുഞ്ചക്കൃഷിയുടെ വിവരങ്ങൾ അപഗ്രഥിച്ചുകൊണ്ടിരിക്കുന്നു.

ഇതുകൂടാതെ താഴെ പറയുന്ന ജോലികൾകൂടി ഈ ഡിവിഷനിൽ നടക്കുന്നുണ്ട്.

## 2.3 മഴയുടെ സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കൽ

സംസ്ഥാനത്ത് വിവിധ കേന്ദ്രങ്ങളിൽ നിന്നും ദിവസേന ശേഖരിക്കുന്ന മഴയുടെ കണക്ക് റവന്യൂ ബോർഡ് ഇവിടെയെത്തിക്കുന്നു. ഇവിടെ നിന്നും ഇവ സമാഹരിച്ച് പൂനയിലെ ഒബ്സർവേററി അഡീഷണൽ ഡയറക്ടർ ജനറലിന് അയച്ചുകൊടുത്തു.

## 2.4 ഫോർകാസ്ററ് റിപ്പോർട്ട് തയ്യാറാക്കൽ

പ്രധാനപ്പെട്ട വിളകൾ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയും ഉൽപ്പാദനവും മുൻകൂട്ടി തയ്യാറാക്കുന്ന രീതിയനുസരിച്ച് ഈ വർഷവും പ്രസ്തുത റിപ്പോർട്ടുകൾ തയ്യാറാക്കി യഥാകാലം ഇൻഡ്യാ ഗവൺമെൻറിനും മററു ബന്ധപ്പെട്ട ആഫീസുകൾക്കും അയച്ചുകൊടുത്തു.

## 2.5 പ്രധാനപ്പെട്ട കോൺഫറൻസുകളും മീററിംഗുകളും

10–10–1984–ൽ സർവ്വേയുടെ പുരോഗതി വിലയിരുത്തുന്നതിനും പോരായ്മകറം പരിഹരിക്കുന്നതിനും വേണ്ടി ചീഫ് സെക്രട്ടറി, ഡെപ്യൂട്ടി എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്കൽ അഡൈ്വസർ, കൃഷിവകുപ്പ്, സർവ്വേ വകുപ്പ് എന്നിവയുടെ ഡയറക്ടർമാർ, റവന്യൂ ബോർഡ് സെക്രട്ടറി, നാഷണൽ സാമ്പിറം സർവ്വേ ഓർഗനൈസേഷൻ അധികൃതർ എന്നിവരുടെ ഒരു ഉന്നതതല സമ്മേളനം കൂടുകയും സർവ്വേയുടെ പുരോഗതി ചർച്ച ചെയ്യുകയും ചെയ്തു. സർവ്വേയുടെ അടിസ്ഥാനത്തിൽ വില്ലേജ് റിക്കാർഡ് തയ്യാറാക്കുന്നതിനെപ്പററി ആലോചിക്കുന്നതിനുവേണ്ടി ഒരു കമ്മിററി രൂപീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഇതിൻെറ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരെ ഉറംപ്പെടുത്തി ഗവൺമെൻറ് ഒരു കമ്മിററി രൂപീകരിച്ചിട്ടുണ്ട്.

## 2.6 കാർഷിക സെൻസസ് 1980–81

സെൻസസിൻെറ പ്രധാന ലക്ഷ്യങ്ങറം താഴെ കൊടുക്കുന്നു.

1. ഭൂപരിഷ്ക്കരണനിയമം നടപ്പാക്കിയശേഷം ഭൂമിയുടെ കൈവശാവകാശത്തിൽ വന്നിട്ടുള്ള മാററങ്ങളും, ഉണ്ടായ സാമൂഹ്യമാററങ്ങളെപ്പററിയും അപഗ്രഥിക്കുന്നതിനാവശ്യമായ വിവരങ്ങറം ശേഖരിക്കുക.

2. ഭൂവിനിയോഗം, കാർഷിക വിളകളുടെ വിസ്തീർണ്ണം, ജലസേചന സൗകര്യം തുടങ്ങിയവയെ സംബന്ധിച്ചുള്ള വിവരങ്ങറം ശേഖരിക്കുക.

3. വിത്ത്, വളം, കീടനാശിനികറം തുടങ്ങി കാർഷികാവശ്യത്തിനുള്ള അവശ്യഘടകങ്ങളെ (ഇൻപുട്ട്സ്) ക്കുറിച്ച് സമഗ്രമായ വിവരങ്ങറം ശേഖരിക്കുക.

4. കാർഷികാവശ്യങ്ങറംക്കുവേണ്ടി ഉപയോഗിക്കുന്ന ഉപകരണങ്ങറം, കന്നുകാലികറം തുടങ്ങിയവയെപ്പററിയും കാർഷിക വായ്പയുടെ ലഭ്യതയേയും കുറിച്ച് പ്രധാന വിവരങ്ങറം ശേഖരിക്കുക, കൈവശഭൂമിയെക്കുറിച്ചുള്ള മുകളിൽ പ്രസ്താവിച്ചിട്ടുള്ള വിവരങ്ങറം പൊതുവേയും പട്ടികജാതി, പട്ടികവർഗ്ഗക്കാരെ സംബന്ധിച്ച് പ്രത്യേകമായും ശേഖരിക്കുന്നുണ്ട്. ഈ പദ്ധതിക്ക് ആറാം പദ്ധതിയിൽ ഉറംപ്പെടുത്തി 15.90 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. റിപ്പോർട്ട് വർഷത്തിൽ ആകെ 64,424 രൂപ ചെലവായി.

സെൻസസ് പ്രധാനമായി രണ്ട് ഘട്ടങ്ങളായിട്ടാണ് നടന്നത്. മെയിൻ സെൻസസ്, നിവേശപര്യവേഷണവും (ഇൻപുട്ട് സർവ്വേ) മെയിൽ സെൻസസ് പ്രകാരം ശേഖരിച്ച വിവരങ്ങളെ ആസ്പദമാക്കി തയ്യാറാക്കിയ ആറ് പട്ടികകറം കേന്ദ്ര ഗവൺമെൻറിന് നൽകിക്കഴിഞ്ഞു. എന്നാൽ പ്രസ്തുത പട്ടികകറംക്ക് കേന്ദ്ര ഗവൺമെൻറിൽനിന്നും ചില ഭേദഗതികറം നിർദ്ദേശിക്കുകയുണ്ടായി. അപ്രകാരം ഭേദഗതി ചെയ്ത പട്ടിക ഒന്ന് (റേബിറം നമ്പർ 1) വീണ്ടും കേന്ദ്ര ഗവൺമെൻറിൻെറ അംഗീകാരത്തിന് അയച്ചുകൊടുത്തിട്ടുണ്ട്. ബാക്കി പട്ടികകറംക്ക് ആവശ്യമായ ഭേദഗതികറം വരുത്തിക്കൊണ്ടിരിക്കുകയാണ്. മെയിൻ സെൻസസ് പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗക്കാരെ സംബന്ധിച്ചുള്ള വിവരങ്ങറം അടങ്ങിയ പട്ടികകളും തയ്യാറാക്കി വരുന്നു.

ഇൻപുട്ട് സർവ്വേ പ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലാതല പട്ടികകൾ തയ്യാറാക്കി കഴിഞ്ഞു. സംസ്ഥാനതല പട്ടികകൾ തയ്യാറാക്കുന്ന ജോലികളും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

## 2.7. കർഷകതൊഴിലാളികളേയും മററു ഗ്രാമീണ തൊഴിലാളികളേയും സംബന്ധിച്ച സാമൂഹ്യസാമ്പത്തിക സർവ്വേ

2–6–1983–ലെ ഗവൺമെൻറ് ഉത്തരവ് നമ്പർ 277/83/പ്ളാനിംഗ് അനുസരിച്ച് അനുവദിച്ച സാമൂഹ്യസാമ്പത്തിക സർവ്വേ., കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 336 വില്ലേജുകളിൽ നടത്തുകയുണ്ടായി. കർഷക തൊഴിലാളി കുടുംബങ്ങളെയും മററു ഗ്രാമീണ തൊഴിലാളി കുടുംബങ്ങളെയും സംബന്ധിച്ച് സാമൂഹ്യവും സാമ്പത്തികവുമായ കാര്യങ്ങളെക്കുറിച്ച് കൃത്യമായ വിവരങ്ങൾ ശേഖരിക്കുക. ഗ്രാമീണത്തൊഴിലാളി കുടുംബങ്ങൾക്ക് (പ്രത്യേക പ്രാധാന്യം കർഷകത്തൊഴിലാളികൾക്ക് നൽകിക്കൊണ്ട്) വിവിധ പുരോഗമന പദ്ധതികൾ ഉണ്ടാക്കിയ പ്രയോജനങ്ങളെപ്പററി പഠിക്കുക മുതലായവയാണ് ഈ സർവ്വേയുടെ പ്രധാന ലക്ഷ്യം.

സാമൂഹ്യസാമ്പത്തിക സർവ്വേയുടെ ഫീൽഡ്‌വർക്ക് 1983 ആഗസ്ററ് മാസത്തിൽ ആരംഭിക്കുകയും 1984 ജൂലൈ മാസത്തിൽ അവസാനിക്കുകയും ചെയ്തു. മുഴുവൻ വില്ലേജുകളിലേയും പൂരിപ്പിച്ച ഷെഡ്യൂളുകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയശേഷം സെപ്ററംബർ അവസാനത്തോടുകൂടി പൂർണ്ണമായും ശേഖരിച്ചു കഴിഞ്ഞു. വില്ലേജ് തിരിച്ചുള്ള ടാബുലേഷൻ ജോലി 1984 ഡിസംബർ മാസംകൊണ്ട് തീർത്തുകഴിഞ്ഞു. ബാക്കി തീർക്കാനുള്ള ജോലികൾ തീർക്കുന്നതിനുവേണ്ടി ഒരു ജോയിൻറ് ഡയറക്ടർ, ഒരു റിസർച്ച് ആഫീസർ ഒരു എൽ. ഡി. കമ്പയിലർ എന്നീ തസ്തികകളുടെ കാലാവധി 4 മാസത്തേക്കുകൂടി നീട്ടി അനുവദിച്ചു.

ജില്ലാടിസ്ഥാനത്തിലും സംസ്ഥാന തലത്തിലുമുള്ള ക്രോഡീകരിക്കൽ ജോലി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

## 2.8. കൃഷിചിലവ് കണക്കാക്കൽ സർവ്വേ

7–6–1983–ലെ ജി. ഒ. (ആർ. ടി.) 284/83 പ്ളാനിംഗ് പ്രകാരവും 2–6–1983–ലെ ജി.ഒ. (ആർ.ടി.) 277/83 പ്ളാനിംഗ് പ്രകാരവും 1983 ജൂലൈ മാസത്തിൽ തുടങ്ങിയ കൃഷിചിലവ് സർവ്വേയും പ്രധാന വിളവുകളുടെ വിപണ്യമിച്ചത്തിൻെറ പ്രമാകം കണക്കാക്കുന്നതിനുള്ള സാമ്പിൾ സർവ്വേയും 30–6–1984–ൽ പൂർത്തിയായി. പ്രസ്തുത സർവ്വേകൾക്ക് സംസ്ഥാനത്തെ 53 താലൂക്കുകളിലായി നെല്ല്, തെങ്ങ്, മരച്ചീനി, കമുക്, കുരുമുളക്, ഏത്തവാഴ, കൊക്കൊ, ഇഞ്ചി എന്നീ വിളവുകൾ ഉൾപ്പെടുത്തിയിരിക്കുന്നു.

സംസ്ഥാനത്തെ മേൽപ്പറഞ്ഞ പ്രധാന വിളവുകളെ പരിപോഷിപ്പിക്കുന്നതിനു ആവശ്യമായ ആസൂത്രണം നടത്തുന്നതിനും ശാസ്ത്രീയവും വൈവിദ്ധ്യമാർന്നതുമായ കൃഷിമുറകൾ അവലംബിച്ച് കൃഷിചിലവു നിയന്ത്രിക്കുന്നതിനും കാർഷിക വിഭവങ്ങൾക്കു താങ്ങുവിലയും തറവിലയും നിജപ്പെടുത്തുന്നതിനും ഓരോ വിളവിൻെറയും കൃഷിചിലവ് അറിയേണ്ടത് അത്യന്താപേക്ഷിതമാണ്. അതേ സമയംതന്നെ പ്രസ്തുത വിളവുകളിൽ വർഷം പ്രതി ഉണ്ടാകുന്ന വിപണ്യമിച്ചത്തിൻെറ പ്രമാകം കണക്കാക്കുകയാണ് രണ്ടാമത്തെ സർവ്വേയുടെ ഉദ്ദേശം.

കൃഷിച്ചിലവ് സർവ്വേയുടെ നടത്തിപ്പിനായി ഹെഡ്ക്വാർട്ടേഴ്സിൽ ഒരു ജോയിൻറ് ഡയറക്ടറുടെ (സാമൂഹ്യസാമ്പത്തിക സർവ്വേയും) ഒരു അസിസ്ററൻറ് ഡയറക്ടറുടെ (ചെറുകിട ജലസേചനം) യും മേൽനോട്ടത്തിൽ ഒരു റിസർച്ച് അസിസ്ററൻറും ഒരു യു. ഡി. കമ്പയിലറും താലൂക്ക് തലത്തിൽ വിവരം ശേഖരിക്കുന്നതിനായി 14 യു. ഡി. ഇൻവെസ്ററിഗേററർമാരും 28 എൽ. ഡി. ഇൻവെസ്ററിഗേററർമാരും നിയോഗിക്കപ്പെട്ടിരുന്നു. വിപണ്യമിച്ച സാമ്പിറം സർവേയ്ക്കുവേണ്ടി ഹെഡ്ക്വാർട്ടേഴ്സിൽ ഒരു സ്പെഷ്യൽ ഓഫീസറും വിവരശേഖരണത്തിനായി 5 യു. ഡി. ഇൻവെസ്ററിഗേററർമാരും 17 എൽ. ഡി. ഇൻവെസ്ററിഗേററർമാരും നിയോഗിക്കപ്പെട്ടിട്ടുള്ള മേല്പറഞ്ഞ രണ്ടു സർവേകളും കഴിഞ്ഞ വർഷത്തിൽ നടത്തിയതുപോലെ 1984—85-ലും നടത്തുന്നതിനു ഉത്തരവായതിൻപ്രകാരം 1—7—1984-ൽ ആരംഭിക്കുകയും സംസ്ഥാനത്തെ 53 താലൂക്കുകളിലായി (കാഞ്ഞിരപ്പള്ളി, പീരുമേട്, ദേവികുളം, വൈത്തിരി മാനന്തവാടി, താലൂക്കുകരം ഒഴികെ) തുടർന്നു നടന്നുവരികയുമാണ്.

1980—81 മുതൽ 1982—83 വരെ നടത്തപ്പെട്ട കൃഷിചിലവ് സർവേയ്ക്ക് ശേഖരിക്കപ്പെട്ട വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി താലൂക്കുതലത്തിൽ തയ്യാർ ചെയ്യപ്പെട്ട പ്രാഥമിക പട്ടികകരം ആധാരമാക്കി ഹെഡ്ക്വാർട്ടേഴ്സിൽ സംസ്ഥാന തലത്തിലുള്ള പട്ടിക തയ്യാറാക്കൽ പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

## 2.9. ചെറുകിട ജലസേചനം

1980—81-ൽ ഒരു അസിസ്ററൻറ് ഡയറക്ടറുടെ തസ്തികയോടുകൂടി ഇൻഡ്യാ ഗവൺമെൻറ് ഇംപ്രൂവ്മെൻറ് ഓഫ് ഇറിഗേഷൻ സ്ററാററിസ്ററിക്സ് എന്ന പേരിൽ ഒരു പദ്ധതി കേന്ദ്ര ഗവൺമെൻറിൻെറ പൂർണ്ണമായ ചെലവിൽ ആരംഭിക്കുകയുണ്ടായി.

ഈ പദ്ധതിയുടെ ഉദ്ദേശം ചെറുകിട ജലസേചന സ്ഥിതിവിവരക്കണക്കുകരം ഏകീകരിക്കുകയും പ്രസ്തുത കണക്കുകളും അതിൻെറ നേട്ടങ്ങളും മററു ഡിപ്പാർട്ടുമെൻറുകളിൽനിന്നും കൃത്യമായും സുഗമമായും ലഭിക്കുകയും ചെയ്യുക എന്നുള്ളതാകുന്നു.

ഈ പദ്ധതിയുടെ ഭാഗമായി കേരള ഗവൺമെൻറ്, ഗവൺമെൻറ് ഉത്തരവ് ജി. ഒ. (ആർ.ടി.) 1702/82/എസ് തീയതി 29—6—1982 പ്രകാരം ചെറുകിട ജലസേചന പദ്ധതികളുടെ ആയക്കെട്ടു ഭാഗങ്ങളുടെ ജലസേചനത്തെപ്പററിയുള്ള കൃത്യമായ കണക്കിനെപ്പററി ഒരു പഠനം തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ നടത്തി.

തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളുടെ റിപ്പോർട്ടുകരം പരസ്യപ്പെടുത്തുകയും ചെയ്തു. കോട്ടയം, ഇടുക്കി ജില്ലകളുടെ റിപ്പോർട്ടുകരം പരസ്യപ്പെടുത്തുന്നതിനുള്ള തയ്യാറെടുപ്പിലാണ്.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കർഷകരുടെ സ്വന്തം പണം മുടക്കിയുള്ള ചെറുകിട ജലസേചന പദ്ധതികളുടെ വികസനത്തെപ്പററിയുള്ള പഠനത്തിന് ആവശ്യമായ പ്രാഥമിക കാര്യങ്ങരം നടത്തുകയുണ്ടായി.

ഗവൺമെൻറ് ഉത്തരവ് ജി. ഒ. (ആർ. ടി.) നമ്പർ 484/80/പ്ളാനിംഗ് തീയതി 24—10—1980 പ്രകാരം രൂപീകരിച്ച പദ്ധതിപ്രകാരം ഒരു അസി

സ്ററൻറ് ഡയറക്ടറും, ഒരു യു. ഡി. കമ്പയിലറും മൂന്ന് എൽ. ഡി. കമ്പയിലറും ഒരു എൽ. ഡി. ടൈപ്പിസ്ററും ഉണ്ടായിരുന്നതിൻെറ തുടരുന്ന തിനുള്ള അവകാശം 1984—85—ലും ലഭിക്കുകയുണ്ടായി. പ്രസ്തുത പദ്ധതി ചിലവിലേക്കായി തന്നാണ്ടിൽ ഒരു ലക്ഷം രൂപ കേന്ദ്ര ഗവൺമെൻറ് അനുവദിക്കുകയുണ്ടായി.

## അദ്ധ്യായം 3

### പ്രൈസസ് വിഭാഗം

ഈ ഡയറക്ടറേററിലെ പ്രൈസസ് ഡിവിഷൻ പ്രൈസ് (ജനറൽ) ഇൻഡക്സ് സീരീസ് എന്നീ രണ്ടു വിഭാഗങ്ങളോടുകൂടി തുടർന്നു പ്രവർത്തിച്ചുവരുന്നു. കമ്പോളനിലവാരത്തെ സംബന്ധിച്ച ജോലികൾ തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള റീജിയണൽ ആഫീസർമാരാണ് നിർവഹിച്ചുവരുന്നത്.

### 3.1 പ്രൈസ് (ജനറൽ)

ഈ വിഭാഗം താഴെ പറയുന്ന ജോലികൾ തുടർന്നും നിർവഹിച്ചുവരുന്നു.

(i) 50 അവശ്യസാധനങ്ങളുടെ ദൈനംദിനവില ഇടുക്കി, വയനാട്, പത്തനംതിട്ട ഇവ ഒഴിച്ചുള്ള എല്ലാ ജില്ലാ തലസ്ഥാനങ്ങളിൽനിന്നും ടെലക്സ് മുഖേന ശേഖരിച്ച് ക്രോഡീകരിച്ച് അടുത്ത ദിവസംതന്നെ ഗവൺമെൻറിലേക്ക് അയച്ചുവരുന്നു.

(ii) വിലയുടെ പ്രവണതയെ കാണിക്കുന്ന പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കി ഗവൺമെൻറിലേക്ക് അയച്ചുവരുന്നു.

(iii) 92 ഇനം ഉപഭോക്തൃ സാധനങ്ങളുടെ പ്രതിവാര ചില്ലറ വിലശേഖരിച്ച് ഉപഭോക്തൃ വിലസൂചിക തയ്യാറാക്കിവരുന്നു.

ഉപഭോക്തൃ വില സൂചിക കണക്കാക്കുന്നതിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് നിയുക്തമായ കമ്മററിയുടെ ശുപാർശ അനുസരിച്ച് റേഷൻ സാധനങ്ങളുടെ ഓഫ്ടേക്ക് സർവ്വേ നടത്തുന്നതിന് 12 പ്രൈസ് സൂപ്പർവൈസറി ആഫീസർ തസ്തിക സൃഷ്ടിക്കപ്പെടുകയുണ്ടായി. ആദ്യത്തെ സർവ്വേ 1980 ഓഗസ്ററിൽ നടത്തുകയും 1980 ജൂലൈ മുതലുള്ള ഉപഭോക്തൃ വിലസൂചിക പ്രസ്തുത സർവ്വേയിൽ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കണക്കാക്കി വരികയും ചെയ്യുന്നു.

താഴെ പറയുന്ന 15 തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളുടെ ഉപഭോക്തൃ വിലസൂചിക തയ്യാറാക്കി പതിവുപോലെ ഗസററിൽ വിജ്ഞാപനം ചെയ്തുവരുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | മുണ്ടക്കയം | പാലക്കാട് |
| കൊല്ലം | മൂന്നാർ | കോഴിക്കോട് |
| പുനലൂർ | എറണാകുളം | മലപ്പുറം |
| ആലപ്പുഴ | ചാലക്കുടി | മേപ്പാടി |
| കോട്ടയം | തൃശ്ശൂർ | കണ്ണൂർ |

ഉപഭോക്തൃ വിലസൂചിക കാണിക്കുന്ന സ്റേററ്മെൻറുകൾ അവയുടെ ഗുണഭോക്താക്കളായ പ്രധാനപ്പെട്ട സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്വകാര്യസ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നേരിട്ടു അയച്ചുകൊടുത്തു വരുന്നു. ഇതിനു പുറമേ 85 അവശ്യസാധനങ്ങളുടെ പ്രതിവാര ചില്ലറവില്പന വില എല്ലാ ജില്ലാ തലസ്ഥാനങ്ങളിൽനിന്നും ശേഖരിച്ചിരുന്നു. ലേബർ ബ്യൂറോ സീരീസിൻെറ ഉപഭോക്തൃ വിലസൂചിക (കേന്ദ്ര സീരീസ്) തയ്യാറാക്കുവാൻവേണ്ടി 5 സെൻററുകളിൽനിന്നും ചില്ലറ വില്പന വില ഡിസംബർ 1980 വരെ ശേഖരിച്ചുവന്നിരുന്നു. 1971 അടിസ്ഥാന വർഷ മായി കൊല്ലം, ആലുവാ, മുണ്ടക്കയം എന്നിവിടങ്ങളിൽനിന്ന് വില ശേഖരിച്ചി രുന്നത് 1980 ഡിസംബറിൽ നിറുത്തുകയും 1981–82 അടിസ്ഥാന വർഷ മായി കുടുംബ ബഡ്ജററ് സർവ്വേ (ലേബർ ബ്യൂറോ) തിരുവനന്തപുരം, കൊല്ലം, മുണ്ടക്കയം, ആലുവാ എന്നീ സെൻററുകളിൽ നടത്തുകയും ചെയ്തു. കൂടാതെ ആലപ്പുഴ, ആലുവാ, മുണ്ടക്കയം എന്നിവിടങ്ങളിൽനിന്ന് 1960 അടി സ്ഥാനവർഷമായുള്ള വിലസൂചിക കണക്കാക്കുന്നതിനുള്ള വിലകൾ ശേഖരിച്ചു ലേബർ ബ്യൂറോക്ക് നൽകിവരുന്നു.

1960 അടിസ്ഥാനവർഷമായി സിംലയിലെ കേന്ദ്ര തൊഴിൽ മന്ത്രാലയ ത്തിന് കീഴിലുള്ള ലേബർ ബ്യൂറോ, വ്യാവസായിക തൊഴിലാളികൾക്കുവേണ്ടി പ്രസിദ്ധം ചെയ്യുന്ന ഉപഭോക്തൃ വിലസൂചികയും 1960–61 അടിസ്ഥാന വർഷമാക്കിയുള്ള കാർഷിക തൊഴിലാളികൾക്കുള്ള ഉപഭോക്തൃ വിലസൂചി കയും ആവശ്യപ്പെടുന്ന മുറയ്ക്ക് സർക്കാർ, അർദ്ധസർക്കാർ, പൊതു–സ്വകാ ര്യമേഖല സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർക്ക് അയച്ചു കൊടുത്തു വരുന്നു.

ആരോഗ്യവകുപ്പിൻെറയും നാട്ടുചികിൽസാ വകുപ്പിൻെറയും ഹോമിയോ ജയിൽ, ആശുപത്രി, സാമൂഹ്യക്ഷേമം, മൃഗശാല തുടങ്ങിയ വകുപ്പുകളുടെയും ഉപയോഗത്തിനായി ഭക്ഷ്യവസ്തുക്കളുടെയും മററ് ആത്യാവശ്യ സാധനങ്ങ ളുടെയും ചില്ലറ കമ്പോളവില ഈ വർഷവും നാലക്ക ത്രൈമാസികങ്ങളിൽ ശേഖരിച്ച് സർക്കാർ ആശുപത്രികളിലും മററും സാധനങ്ങൾ എത്തിച്ചുകൊടു ക്കുന്നതിനുള്ള ദർഘാസുകൾ സംബന്ധിച്ച കരാറുകൾക്ക് അന്തിമരൂപം കൊടു ക്കാൻ മേൽ കാണിച്ചിട്ടുള്ള വകുപ്പുകൾക്ക് നൽകുകയുണ്ടായി. ഈ വില ശേഖരണം ഓരോ ത്രൈമാസികത്തിൻെറയും ആദ്യത്തെ വെള്ളിയാഴ്ച നടത്ത പ്പെടുന്നു. പ്രസ്തുത വിലവിവരങ്ങൾ സൂക്ഷ്മ പരിശോധനയ്ക്കുശേഷം ജില്ലാ മെഡിക്കൽ ആഫീസർ, ജില്ലാ ഇൻറിജീനിയസ് മെഡിക്കലാഫീസർ, ആരോഗ്യവകുപ്പ് ഡയറക്ടർ, നാട്ടുചികിൽസാ വകുപ്പ് ഡയറക്ടർ, മെഡി ക്കൽ കോളേജുകൾ, ക്ഷയരോഗാശുപത്രികൾ, ഇ. എസ്. ഐ. ആശുപത്രികൾ, മൃഗസംരക്ഷണ വകുപ്പിൻെറ കീഴിലുള്ള കന്നുകാലി, കോഴി വളർത്തൽ കേന്ദ്ര ങ്ങൾ, കാഴ്ചബംഗ്ലാവ് ഡയറക്ടർ, ജയിൽ ഇൻസ്പെക്ടർ ജനറൽ, പട്ടാള മേധാവികൾ തുടങ്ങിയവർക്ക് അയച്ചുകൊടുത്തിരുന്നു. കൂടാതെ ബന്ധപ്പെട്ട വിവരങ്ങൾ എല്ലാ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും അവയുടെ ആവശ്യ പ്രകാരം വിവരങ്ങൾ നൽകുകയും ചെയ്തു വരുന്നു.

### 3.2 വനവിഭവങ്ങളുടെ വില ശേഖരിക്കൽ

18 ഇനം വനവിഭവങ്ങളുടെ വില കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ നിന്നും മാസംതോറും ശേഖരിച്ച് ഫോറസ്ററ് ഡിപ്പാർട്ടുമെൻറിലേക്ക് നൽകിവരുന്നത് റിപ്പോർട്ടുവർഷത്തിലും തുടർന്നു.

## 3.3. മാർക്കററ് ഇൻറലിജൻസ് മെച്ചപ്പെടുത്താനുള്ള പദ്ധതി

കമ്പോളവിലനിലവാരം, കമ്പോളവരവ് തുടങ്ങിയവയെപ്പററിയുള്ള വിവരങ്ങൾ പ്രാഥമികോല്പാദകർക്ക് കൃത്യസമയത്ത് നൽകുകയെന്നതാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശം. സംസ്ഥാനത്തെ പ്രധാനപ്പെട്ട 37 വ്യാപാര കേന്ദ്രങ്ങളിൽ ഈ പദ്ധതി നിലവിലുണ്ട്.

ഈ പദ്ധതി അനുസരിച്ച് വില റിപ്പോർട്ടു ചെയ്യുന്ന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് അതാത് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാരും ഡിസ്ട്രിക്ററ് ആഫീസർമാരും കോഴിക്കോട്ടും തിരുവനന്തപുരത്തുമുള്ള രണ്ടു റീജിയണൽ സ്ററാററിസ്ററിക്കൽ ആഫീസർമാരും മേൽനോട്ടം വഹിച്ചുവരുന്നു.

ഇടുക്കി, പത്തനംതിട്ട ഇവ ഒഴിച്ചുള്ള എല്ലാ ജില്ലാതലസ്ഥാനങ്ങളിലേയും വില ശേഖരണ പ്രവർത്തനം അതിനുവേണ്ടി മാത്രം നിയമിച്ചിട്ടുള്ള പ്രൈസ് ഇൻസ്പെക്ടർമാർ നിർവഹിച്ചുവരുന്നു. കൂടാതെ ചങ്ങനാശ്ശേരി, കോഴിക്കോട്, കൊച്ചി എന്നീ മൂന്നു കേന്ദ്രങ്ങളിലും പ്രൈസ് ഇൻസ്പെക്ടർമാർ ആണ് ഈ ജോലി നിർവഹിച്ചുവരുന്നത്. കടയ്ക്കൽ, ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ, കുന്നംകുളം, വളപട്ടണം എന്നിവിടങ്ങളിൽ 5 ഫുൾടൈം പ്രൈസ് റിപ്പോർട്ടർമാരും ബാക്കി കേന്ദ്രങ്ങളിലെ വില ശേഖരണജോലിയിൽ ജൂനിയർ സ്ററാററിസ്ററിക്കൽ ഇൻസ്പെക്ടർമാരോ ഇൻവെസ്ററിഗേററർമാരോ ഏർപ്പെട്ടിരിക്കുന്നു.

തിരുവനന്തപുരം മേഖലയിൽ 27-ഉം കോഴിക്കോട് മേഖലയിൽ 10-ഉം കേന്ദ്രങ്ങളിലെ കമ്പോളവില നിലവാര ബുള്ളററിൻ തയ്യാറാക്കി ദിവസേന ആകാശവാണിയുടെ തിരുവനന്തപുരം, കോഴിക്കോട് നിലയങ്ങളിൽ കൂടി ഗ്രാമരംഗത്തിലോ, കാർഷികരംഗത്തിലോ, ഉൾപ്പെടുത്തി പ്രക്ഷേപണം ചെയ്തുവരുന്നു.

## 3.4. പ്രതിവാര കമ്പോളനിലവാരാവലോകനം

തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെ പ്രധാനപ്പെട്ട കാർഷികവിഭവങ്ങളുടെ കമ്പോള നിലവാരാവലോകനം എല്ലാ ഞായറാഴ്ചയും വൈകുന്നേരം ആകാശവാണിയിലൂടെ മലയാളത്തിൽ പ്രക്ഷേപണം ചെയ്തുവരുന്നു.

## 3.5. അരിയുടെ തുറന്ന കമ്പോളവിലയെക്കുറിച്ചുള്ള പ്രതിദിന റിപ്പോർട്ട്

എല്ലാ ജില്ലാതലസ്ഥാനങ്ങളിലും നിലവിലുള്ള അരിയുടെ തുറന്ന കമ്പോളവിലയെക്കുറിക്കുന്ന പ്രതിദിന റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിനും സംസ്ഥാന റവന്യൂ ബോർഡിലെ സിവിൽ സപ്ളൈസ് അധികൃതർക്കും അയച്ചുവരുന്നു. ഇതു കൂടാതെ പാലക്കാട് കേന്ദ്രത്തിലെ അരിയുടെ തുറന്ന കമ്പോളവിലയെക്കുറിച്ചുള്ള പ്രതിവാര റിപ്പോർട്ട് തയ്യാറാക്കി റിസർവ്വ് ബാങ്കിന് നൽകിവരുന്നു. ഇവയ്ക്കെല്ലാം ഉപരിയായി ഈ പദ്ധതി അനുസരിച്ച് മൊത്തവിലയെ സംബന്ധിക്കുന്ന പല വിവരങ്ങളും കേന്ദ്രസംസ്ഥാന സ്ഥാപനങ്ങൾക്ക് അവയുടെ ആവശ്യാനുസരണം ലഭ്യമാക്കിവരുന്നു. പ്രതിശീർഷ വരുമാനം ശരിയായി കണ്ടുപിടിക്കുന്നതിലേക്കായി എല്ലാ ജില്ലകളിലും ഓരോ റിസർച്ച് ഓഫീസർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

## 3.6. ഇൻഡക്സ് സീരീസ് വിഭാഗം

ഈ വിഭാഗം താഴെ പറയുന്ന സൂചികകൾ തയ്യാറാക്കിവരുന്നു.

### 1. കാർഷികോല്പന്നങ്ങളുടെ മൊത്തവില സൂചിക

പ്രധാനപ്പെട്ട 17 കാർഷികോല്പന്നങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കേന്ദ്രങ്ങളിൽനിന്ന് ശേഖരിക്കുന്ന മൊത്തവിലയെ അടിസ്ഥാനമാക്കി ഈ സൂചിക തയ്യാറാക്കിവരുന്നു. ഇതിനുവേണ്ടി 1952–53 അടിസ്ഥാന വർഷമായി സ്വീകരിച്ച് മാസംതോറും ഈ മൊത്തവില സൂചിക തയ്യാറാക്കിവരുന്നു.

### 2. കാർഷിക വിഭവങ്ങളിൽനിന്നുള്ള വരുമാനവും അവയ്ക്കുവേണ്ടിവരുന്ന ചെലവുകളും തമ്മിലുള്ള താരതമ്യപഠന സൂചിക

അടിസ്ഥാനവർഷമായി സ്വീകരിച്ചിട്ടുള്ള 1952–53 കാലഘട്ടത്തിലെ കർഷകരുടെ സാമ്പത്തികനില, കാർഷികോല്പന്നങ്ങളുടെ വില, അവയ്ക്കുവേണ്ടിവരുന്ന ചെലവുകൾ, ഗാർഹിക ചെലവുകളിൽ വന്നിട്ടുള്ള മാററങ്ങൾ എല്ലാം കണക്കാക്കി അവയും കർഷകരുടെ ഇപ്പോഴത്തെ സാമ്പത്തിക നിലയും തമ്മിലുള്ള താരതമ്യം ഈ സൂചിക കാണിക്കുന്നു. ഇതും ഒരു പ്രതിമാസ സൂചികയാണ്.

### 3. കാർഷിക വേതന സൂചിക

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വിവിധ കേന്ദ്രങ്ങളിൽ നിന്നും ശേഖരിക്കപ്പെട്ടിട്ടുള്ള കാർഷിക വേതനത്തിന്റെ കണക്ക് ഇൻഡ്യാ ഗവൺമെൻറിന്റെ എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് അഡൈ്വസർക്ക് അയച്ചു കൊടുക്കുകയും അതോടൊപ്പംതന്നെ കേരള ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തുവരുന്നു. കർഷക തൊഴിലാളികളുടെയും വിദഗ്ദ്ധ തൊഴിലാളികളുടെയും പ്രതിമാസവേതന സൂചിക കൃത്യമായി തയ്യാറാക്കി ഇൻഡ്യാ ഗവൺമെൻറിന് അയച്ചുകൊടുക്കുകയും ചെയ്യുന്നു.

### 4. കാർഷികമേഖലയെ സംബന്ധിച്ച ഏഴ് സൂചികകൾ

പ്രധാന കാർഷിക ഉല്പന്നങ്ങളെ സംബന്ധിച്ച സൂചികകൾ (ഏരിയാ അണ്ടർക്രോപ്സ്, പ്രോഡക്ഷൻ, ഈൽഡ്, ക്രോപ്പിംഗ് പാറേറൺ, ക്രോപ്പിംഗ് ഇൻറൻസിററി, നെററ് ഏരിയാ സോൺ, പ്രോഡക്ററിവിററി പെർ ഹെക്ടർ ഓഫ് നെററ് ഏരിയാ (സോൺ) 1977–80 മുതൽ 1979–80 വരെയുള്ളത് തയ്യാറാക്കി കേന്ദ്ര ഗവൺമെൻറിന്റെ എക്കണോമിക്സ് അഡൈ്വസറുടെ ആഫീസിലേക്ക് അയച്ചുകൊടുക്കുകയുണ്ടായി.

1980–81 മുതൽ ഉള്ള സൂചികകളുടെ ജോലി ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു.

### 3.7. കാർഷികവിഭവങ്ങളുടെ ചില്ലറവില

സംസ്ഥാനത്തെ എല്ലാ താലൂക്കുകളിൽനിന്നും പ്രധാനപ്പെട്ട 27 കാർഷിക വിഭവങ്ങളുടെ പ്രതിമാസ ചില്ലറവില ശേഖരിച്ച് ഏകീകരിച്ച് കേരളാ ഗസററിൽ 1975 നവമ്പർ മുതൽ പ്രസിദ്ധപ്പെടുത്താറുണ്ടായിരുന്നത് ഈ വർഷവും തുടർന്നു നടത്തിവരുന്നു.

ഇവയ്ക്കെല്ലാം പുറമെ താഴെ പറയുന്ന ജോലികൾകൂടി ഈ വിഭാഗം നിർവഹിക്കുന്നുണ്ട്.

1. തൊണ്ടോടുകൂടിയ നാളികേരളത്തിൻെറ ദൈവാരികവില ശേഖരിച്ച് എറണാകുളത്തുള്ള ഇൻഡ്യൻ സെൻട്രൽ കോക്കനട്ട് കമ്മിററിയുടെ സെക്രട്ടറിക്കും നീലേശ്വരത്തുള്ള ഡെപ്യൂട്ടി ഡയറക്ടർക്കും (അഗ്രികൾച്ചർ) അയച്ചുവരുന്നു.

2. 9 കാർഷിക വിഭവങ്ങളുടെ വാർഷിക ശരാശരിവില തിട്ടപ്പെടുത്തി ന്യൂഡൽഹിയിലുള്ള എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്കൽ അഡൈ്വസർക്ക് അയച്ചു കൊണ്ടിരിക്കുന്നു.

3. കയറിൻെറ പ്രതിവാരവില തയ്യാറാക്കി എറണാകുളത്തുള്ള കയർ ബോർഡ് സെക്രട്ടറിയെ അറിയിച്ചുവരുന്നു.

4. കയറിൻെറതന്നെ പ്രതിമാസവില വിവരം കേരളാ ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി ഗവൺമെൻറ് പ്രസ്സിലേക്കും നൽകിവരുന്നു.

5. കാർഷികവിഭവങ്ങളുടെ വിലവിവരങ്ങൾ ആവശ്യപ്രകാരം പൊതുജനങ്ങൾക്ക് നൽകിവരുന്നു.

6. കേന്ദ്ര സർക്കാരിൻെറ കേന്ദ്രവ്യവസായ മന്ത്രാലയത്തിലെ എക്കണോമിക് അഡൈ്വസർ പ്രസിദ്ധം ചെയ്തുവരുന്ന 1970–71 അടിസ്ഥാന വർഷമായിട്ടുള്ള മൊത്തവില സൂചിക (എല്ലാ സാധനങ്ങളുടെയും) ആവശ്യപ്പെടുന്നതനുസരിച്ച് സർക്കാർ, അർദ്ധ സർക്കാർ, പൊതു സ്വകാര്യമേഖലാ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കരാറുകാർക്കും നൽകിവരുന്നു.

## അദ്ധ്യായം 4

### സംസ്ഥാന വരുമാനനിർണ്ണയ വിഭാഗം

സംസ്ഥാന വരുമാനനിർണ്ണയ വിഭാഗം ഈ വർഷവും തുടർന്നു പ്രവർത്തിച്ചുവരുന്നു. കേരള സംസ്ഥാനത്തിൻെറ മൊത്തവരുമാനം വിവിധ മേഖലകളിൽനിന്നും വിവിധ തലങ്ങളിൽ ശേഖരിച്ച് അവ രൂപപ്പെടുത്തി സംസ്ഥാനത്തിൻെറ വരുമാനം നിർണ്ണയിച്ചുവരുന്നു. ഇതിനു പുറമെ മൊത്തവരുമാനത്തിൽനിന്നും ആളോഹരി വരുമാനവും തിട്ടപ്പെടുത്തി വരുന്നുണ്ട്. വിവിധ സംസ്ഥാനങ്ങളിൽനിന്നും സംസ്ഥാനങ്ങളുടെ മൊത്ത വരുമാനവും ആളോഹരി വരുമാനവും വരുത്തി താരതമ്യപഠനം നടത്തിവരുന്നു. ഈ പഠനം ഭാരതത്തിൽ വരുമാനയിനത്തിൽ കേരളത്തിൻെറ സ്ഥാനം നിർണ്ണയിക്കുന്നതിന് വളരെ അധികം സഹായിക്കുന്നുണ്ട്.

ഇതുകൂടാതെ റീജിയണൽ അക്കൗണ്ട്സിനും ക്യാപ്പിററൽ ഫോർമേഷനും ആവശ്യമായ വിവിധ പട്ടികകൾ തയ്യാറാക്കുക, സ്വയംഭരണ സ്ഥാപനങ്ങളിലേയും ഗവൺമെൻറ് ഉടമയിലുള്ള കമ്പനികളിലേയും വാർഷിക കണക്ക് വിശകലനം എന്നിവയും ചെയ്തുവരുന്നു. അതിനു പുറമേ സംസ്ഥാനത്തിൻെറ ബഡ്ജററ് വിശദമായ പഠനത്തിന് വിധേയമാക്കിവരുന്നു. ഇവ എല്ലാം സംസ്ഥാന വരുമാന നിർണ്ണയവിഭാഗത്തിൻെറ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

റിപ്പോർട്ടുവർഷത്തിൽ 1970–71 മുതൽ 1982–83 വരെയുള്ള വരുമാന കണക്കുകൾ കൂടുതലായി ലഭിച്ച കണക്കുകളുടെ അടിസ്ഥാനത്തിൽ പുനർ നിർണ്ണയം നടത്തി. 1983–84–ലെ വാർഷിക വരുമാനത്തിന്റെ ക്വിക് എസ്റ്റിമേററ് തയ്യാറാക്കുകയുണ്ടായി. 1980–81 വാർഷത്തിലെ സംസ്ഥാന വരുമാനനിർണ്ണയം കേന്ദ്രസ്ഥിതിവിവര സംഘടന (സി. എസ്. ഒ.) യുമായി ചർച്ച ചെയ്ത് പുനർ നിർണ്ണയം ചെയ്തു.

1980–81 മുതൽ 1982–83 വരെയുള്ള വാർഷിക വരുമാനവും ആളോഹരി വരുമാനവും ജില്ലാടിസ്ഥാനത്തിലും തയ്യാറാക്കി. 1980–81 മുതൽ 1982–83 വരെയുള്ള സംസ്ഥാന വാർഷിക വരുമാന കണക്കുകളും വിവിധ സംസ്ഥാനങ്ങളിലെ വരുമാന കണക്കുകളും ആളോഹരി വരുമാനവും താരതമ്യപ്പെടുത്തിയ പഠന റിപ്പോർട്ടുകൾ ഉൾപ്പെടുത്തി ഒരു ലഘുലേഖ പ്രസിദ്ധപ്പെടുത്തി. അതുപോലെതന്നെ 1970–71 മുതൽ 1982–83 വരെയുള്ള സംസ്ഥാനത്തിന്റെ മൊത്ത ഗ്രോസ്വരുമാനവും തിട്ടപ്പെടുത്തുകയുണ്ടായി. കൂടാതെ 1980–81–ലെ ഫാക്ടർ ഇൻകവും തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

1970–71 മുതൽ 1983–84 വരെയുള്ള കേരള വാർഷിക വരുമാനവും ആളോഹരി വരുമാനവും ചുവടെ ചേർത്തിരിക്കുന്നു.

## 1970-71 മുതൽ 1983-84 വരെയുള്ള വാർഷിക വരുമാനവും ആളോഹരി വരുമാനവും ഉൾപ്പെട്ട പട്ടിക

| | തനതു വർഷവിലകളിൽ | | 1970–71 ലെ വിലകളിൽ | |
|---|---|---|---|---|
| വർഷം | മൊത്തവരുമാനം (ലക്ഷം രൂപയിൽ) | ആളോഹരി വരുമാനം (രൂപ) | മൊത്തവരുമാനം (ലക്ഷം രൂപയിൽ) | ആളോഹരി വരുമാനം (രൂപ) |
| (1) | (2) | (3) | (4) | (5) |
| 1970–71 | 124464 | 594 | 125464 | 594 |
| 1971–72 | 127606 | 592 | 132278 | 613 |
| 1972–73 | 145722 | 662 | 135500 | 615 |
| 1973–74 | 182300 | 811 | 134897 | 600 |
| 1974–75 | 208552 | 910 | 136311 | 595 |
| 1975–76 | 222823 | 954 | 142323 | 610 |
| 1976–77 | 239838 | 1009 | 140605 | 592 |
| 1977–78 | 252049 | 1043 | 142554 | 590 |
| 1978–79 | 275349 | 1121 | 145645 | 593 |
| 1979–80 | 315556 | 1271 | 152031 | 612 |
| 1980–81 | 358845 | 1421 | 166375 | 659 |
| പി. 1981–82 | 371142 | 1445 | 176649 | 688 |
| പി. 1982–83 | 422477 | 1617 | 189942 | 727 |
| ക്യു. 1983–84 | 467547 | 1760 | 199153 | 750 |

പി. പ്രൊവിഷണൽ.
ക്യു. ക്വിക് എസ്റ്റിമേററ്സ്

## അദ്ധ്യായം 5

## ജനസംഖ്യാ പഠന വിഭാഗം

### 5.1. ജനനമരണ സ്ഥിതിവിവരം

ഈ ഡയറക്ടറേററിലെ ജനനമരണ സ്ഥിതിവിവര കണക്കുവിഭാഗം സംസ്ഥാനമൊട്ടാകെയുള്ള ജനനമരണ സ്ഥിതിവിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന പതിവ് റിപ്പോർട്ട് വർഷവും തുടരുന്നു.

സിവിൽ രജിസ്ട്രേഷൻ, മോഡൽ രജിസ്ട്രേഷൻ പട്ടണ പ്രദേശത്തെ സ്ഥിര താമസക്കാരുടെ ജനനമരണ നിരക്കിൻമേലുള്ള പഠനം, മരണകാരണങ്ങൾ വ്യക്തമാക്കുന്നതിന് മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കററിൻമേലുള്ള പഠനം എന്നീ പദ്ധതികളാണ് നടപ്പുവർഷത്തിലും മുൻവർഷത്തെപ്പോലെ തുടർന്നുകൊണ്ടു പോരുന്നത്. ജനനമരണ നിരക്കും, മരണകാരണങ്ങളുംകൂടി അറിയുന്നതിനു വേണ്ടിയാണ് ഈ പദ്ധതികൾ നടത്തുന്നത്.

റിപ്പോർട്ടുവർഷം ഒരു അസിസ്ററൻറ് ഡയറക്ടറും ഒരു റിസർച്ച് ആഫീസറും മൂന്ന് റിസർച്ച് അസിസ്ററൻറുമാരും ഏഴ് കമ്പയിലർമാരും വൈററൽ സ്ററാററിസ്ററിക്സ് വിഭാഗത്തിലെ ഡപ്യൂട്ടി ഡയറക്ടറുടെ കീഴിൽ ജോലി ചെയ്തുവരുന്നു.

പട്ടണപ്രദേശത്തെ സ്ഥിരതാമസക്കാരുടെ ജനനമരണ കണക്ക് എടുക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ മുനിസിപ്പാലിററികളിലും ഗുരുവായൂർ ടൗൺഷിപ്പിലും ഈ ഡിപ്പാർട്ടുമെൻറിൽനിന്ന് 29 യു. ഡി. കമ്പയിലർമാരെ നിയമിച്ചിട്ടുണ്ട്. ഇതു കൂടാതെ മരണകാരണങ്ങൾ വ്യക്തമാക്കുന്ന മെഡിക്കലാഫീസറുടെ സർട്ടിഫിക്കററിൻമേലുള്ള പഠനത്തിനായും പട്ടണ പ്രദേശത്തെ സ്ഥിരതാമസക്കാരുടെ ജനനമരണ കണക്ക് എടുക്കുന്നതിനുംകൂടി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലും കൊല്ലം, ആലപ്പുഴ എന്നീ മുനിസിപ്പാലിററികളിലും 5 ഡപ്യൂട്ടി ഹെൽത്ത് ഓഫീസർമാരെയും 5 റിസർച്ച് അസിസ്ററൻറുമാരേയും 5 യു. ഡി./എൽ. ഡി. കമ്പയിലർമാരെയും നിയമിച്ചിട്ടുണ്ട്.

### 5.2. സിവിൽ രജിസ്ട്രേഷൻ

1969-ലെ ജനനമരണ രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് പഞ്ചായത്ത്, മുനിസിപ്പാലിററി, കോർപ്പറേഷൻ ആഫീസുകളിൽ നിയമിച്ചിട്ടുള്ള രജിസ്ട്രാർമാരാണ് ജനനമരണങ്ങൾ രജിസ്ററർ ചെയ്യുന്നത്. ഓരോ മാസവും ജനനമരണങ്ങൾ ഉൾക്കൊള്ളുന്ന ഒരു പ്രതിമാസ റിപ്പോർട്ട് രജിസ്ട്രാർ ജനറലിന് അയയ്ക്കുന്നുണ്ട്. താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്ന് 1978 മുതൽ 80 വരെ രജിസ്ററർ ചെയ്തിട്ടുള്ള ജനനമരണങ്ങളുടെ നിരക്കുകൾ മനസിലാക്കാം.

| | 1978 | | 1979 | | 1980 | |
|---|---|---|---|---|---|---|
| | ജനന നിരക്ക് | മരണ നിരക്ക് | ജനന നിരക്ക് | മരണ നിരക്ക് | ജനന നിരക്ക് | മരണ നിരക്ക് |
| സംസ്ഥാനമൊത്തം | 21.04 | 4.83 | 21.88 | 4.89 | 21.64 | 4.80 |
| പട്ടണപ്രദേശം | 54.69 | 10.06 | 58.26 | 10.14 | 60.12 | 9.87 |
| ഗ്രാമപ്രദേശം | 16.15 | 4.07 | 16.27 | 4.08 | 15.67 | 4.01 |

പട്ടണപ്രദേശങ്ങളിലെ സ്ഥിരതാമസക്കാരുടെ ജനനമരണങ്ങൾ അറിയുന്നതിനുവേണ്ടി നടത്തുന്ന പദ്ധതിയാണ്, സ്പോട്ട് ചെക്കു ജോലി. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലും 30 മുനിസിപ്പാലിററികളിലും ഗുരുവായൂർ ടൗൺഷിപ്പിലും തിരഞ്ഞെടുക്കപ്പെട്ട വാർഡിലെ വീടുകൾ സന്ദർശിച്ച് രജിസ്ററർ ചെയ്തതും ചെയ്യാത്തതുമായ ജനനമരണങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് അവയുടെ അടിസ്ഥാനത്തിൽ യഥാർത്ഥ ജനനമരണ നിരക്കുകൾ കണക്കാക്കുകയും ചെയ്യുന്നു. 1980–ലെ റിപ്പോർട്ട് പ്രസിദ്ധീകരണത്തിന് തയ്യാറാക്കിയിരിക്കുന്നു.

## 5.3 മരണകാരണങ്ങൾ വ്യക്തമാക്കുന്ന മെഡിക്കലാഫീസറുടെ സർട്ടിഫിക്കററിൻ മേലുള്ള പഠനം

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കോർപ്പറേഷനുകളിലും കൊല്ലം, ആലപ്പുഴ മുനിസിപ്പാലിററികളിലും മുൻ വർഷങ്ങളിലെപ്പോലെതന്നെ നടപ്പു വർഷത്തിലും പദ്ധതി തുടരുന്നു. ആലപ്പുഴ, തിരുവനന്തപുരം നഗരങ്ങളിൽ റിപ്പോർട്ട് വർഷത്തിലും ഡപ്യൂട്ടി ഹെൽത്ത് ഓഫീസർമാർ ഉണ്ടായിരുന്നില്ല.

## 5.4. സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി—ഗ്രാമപ്രദേശങ്ങളിൽ.

സിവിൽ രജിസ്ട്രേഷനിൽ തുടർച്ചയായി വന്നിട്ടുള്ള അപാകതകൾ നിമിത്തം കൃത്യവും വിശ്വസനീയവുമായ പ്രതിവർഷ ജനസംഖ്യാവർദ്ധനവ് കണക്കുകൾ ലഭ്യമല്ലാതെവന്ന സാഹചര്യത്തിൽ ഭാരത രജിസ്ട്രാർ ജനറലിൻെറ പൊതു നിർദ്ദേശ മാനുവൽ അനുസരിച്ച് ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്ന ഒരു പദ്ധതിയാണ് സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി. ഭാരതത്തിലെ ഓരോ സംസ്ഥാനത്തെയും ഭാരതം ഒട്ടാകെയും ഉള്ള ജനനമരണ കണക്കുകൾ ഗ്രാമ—നഗരപ്രദേശങ്ങൾക്ക് പ്രത്യേകം പ്രത്യേകം നിർണ്ണയിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി. കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ ഈ പദ്ധതി നടപ്പാക്കുന്നതിൻെറ ചുമതല ഈ വകുപ്പ് നിർവഹിക്കുന്നു. കേരളത്തിലെ പട്ടണ പ്രദേശങ്ങളിൽ സെൻസസ് വകുപ്പാണ് ഈ പദ്ധതി നടപ്പാക്കുന്നത്. 1964—65–ൽ പൈലററ് പദ്ധതിയായിട്ടാവിഷ്ക്കരിച്ച ഈ പദ്ധതി 1965 ജൂലൈ മുതൽ പൂർണ്ണരൂപത്തിൽ നടപ്പാക്കാൻ തുടങ്ങുകയാണുണ്ടായത്. കേരളത്തിൽ 150 തെരഞ്ഞെടുത്ത ഗ്രാമങ്ങളിലാണ് പദ്ധതിപ്രകാരമുള്ള കണക്കെടുപ്പ് നടത്തുന്നത്.

തെരഞ്ഞെടുക്കപ്പെട്ട 150 ഗ്രാമങ്ങളിലും ബേസ്ലൈൻ സർവ്വേ നടത്തി അവിടത്തെ അടിസ്ഥാന ജനസംഖ്യ തിട്ടപ്പെടുത്തിക്കഴിഞ്ഞ് എന്യൂമറേററർമാർ അവിടെ നടക്കുന്ന ഓരോ ജനനവും മരണവും തുടർച്ചയായി രജിസ്ററർ ചെയ്യുന്നു. ഓരോ മാസവും അവർ ഓരോരുത്തരും രജിസ്ററർ ചെയ്ത ജനനങ്ങളുടെയും മരണങ്ങളുടെയും വിവരങ്ങൾ മാസാന്ത്യ റിപ്പോർട്ടാക്കി ജില്ലാ ഓഫീസർക്കും ഡയറക്ടർക്കും അയയ്ക്കുന്നു. ഡയറക്ടറാഫീസിൽനിന്നും എല്ലാ മാസവും ഈ കണക്കുകളുടെ സംക്ഷേപം ഭാരത രജിസ്ട്രാർ ജനറലിന് അയയ്ക്കുന്നു. മൂന്നു മാസം കൂടുമ്പോൾ എന്യൂമറേററർമാർ സാമ്പിൾ പ്രദേശത്തെ എല്ലാ വീടുകളും സന്ദർശിച്ച് നേരത്തെ വിവരങ്ങൾ ലഭിച്ചിട്ടില്ലാത്ത ജനനങ്ങളുടെയും മരണങ്ങളുടെയും വിവരങ്ങൾ ശേഖരിച്ച് ത്രൈമാസിക സപ്ളിമെൻററി റിപ്പോർട്ട് അയയ്ക്കുന്നു. ഇതിൻെറ സംക്ഷേപവും ഭാരത രജിസ്ട്രാർ ജനറലിനയക്കുന്നു. ആറുമാസം കൂടുമ്പോൾ എന്യൂമറേററർമാരിൽ നിന്നും ജനനമരണ രജിസ്റററുകൾ പിൻവലിച്ചിട്ട് കമ്പ്യൂട്ടർ സൂപ്പർ വൈസർ

മാർ 150 ഗ്രാമങ്ങളിലും വീട് വീടാന്തരം സന്ദർശിച്ച് അർദ്ധവാർഷിക സർവ്വേ നടത്തുന്നു. ഇതിൽ ജനസംഖ്യയിൽ വന്നിട്ടുള്ള മാററങ്ങൾ രേഖപ്പെടുത്തുന്നതോടൊപ്പം അവിടെ നടന്ന ഓരോ ജനനത്തിന്റെയും മരണത്തിന്റെയും വിവരങ്ങൾ ശേഖരിച്ച് ഡിസ്ട്രിക്ററ് ഓഫീസറെ ഏൽപ്പിക്കുന്നു. സൂപ്പർവൈസറുമാർ തയ്യാറാക്കിയ ജനനമരണ പട്ടികകളും എന്യൂമറേററർമാർ തയ്യാറാക്കിയ പട്ടികകളും അഡീഷണൽ ജില്ലാ ഓഫീസർ താരതമ്യപ്പെടുത്തി വ്യത്യാസങ്ങളോ കുറവ് കൂടുതലോ ഉണ്ടെങ്കിൽ വീണ്ടും ആ വീടുകൾ സന്ദർശിച്ച് നിജസ്ഥിതി മനസിലാക്കി റിപ്പോർട്ടുകൾ പൂർണ്ണമാക്കി ഡയറക്ടർക്ക് അയയ്ക്കുന്നു. ഡയറക്ടറുടെ ഓഫീസിൽ ഒന്നുകൂടി പരിശോധിച്ച് തെററുകൾ വല്ലതുമുണ്ടെങ്കിൽ തിരുത്തൽ വരുത്തി ശരിയാക്കി ഓരോ സാമ്പിളിലേയും അർദ്ധവാർഷിക സർവ്വേ ഫലങ്ങൾ ഭാരത രജിസ്ട്രാർ ജനറലിന് അയയ്ക്കുന്നു. അങ്ങനെ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഓരോ ഗ്രാമത്തിലേയും നിശ്ചിത ജനസംഖ്യയിൽ ഓരോ ആറുമാസം കൂടുമ്പോഴും ഉണ്ടാകുന്ന ജനനങ്ങളുടെയും മരണങ്ങളുടെയും ഒന്നൊഴിയാതെയുള്ള എണ്ണവും മററു വിവരങ്ങളും ഡയറക്ടറാഫീസിലും ഭാരത രജിസ്ററർ ജനറലിനും കിട്ടുന്നു. ഈ വിവരങ്ങൾവച്ച് കൃത്യമായി ജനനമരണ നിരക്കുകളും അതുവച്ച് ജനസംഖ്യാ വർദ്ധനവ് നിരക്ക്, ജനസംഖ്യാപഠനങ്ങൾക്ക് ആവശ്യമായ മററനവധി നിരക്കുകൾ (ഉദാഹരണത്തിന് ശിശുമരണ നിരക്ക്, ഫെർട്ടിലിററി നിരക്ക് മുതലായവ) എല്ലാം നിർണ്ണയിക്കാൻ സാധിക്കുന്നു. പഞ്ചവൽസര പദ്ധതികളുടെ ആസൂത്രണത്തിന് അടിസ്ഥാന കണക്കായ ജനസംഖ്യ കണക്കുകൾ തന്മൂലം കൃത്യമായിത്തന്നെ നിർണ്ണയിക്കാൻ സാധിക്കുന്നു. ഡയറക്ടറാഫീസിൽ തയ്യാറാക്കുന്ന ഈ പദ്ധതിയുടെ വാർഷിക റിപ്പോർട്ടിൽ മേൽ വിവരിച്ച നിരക്കുകൾ പ്രതിപാദിക്കുന്നു.

1983—84—ൽ ഈ പദ്ധതിയനുസരിച്ച് കണക്കെടുപ്പുകൾ നടത്തിയിരുന്ന 150 ഗ്രാമങ്ങളിൽത്തന്നെയാണ് ഇക്കൊല്ലവും പ്രവർത്തനം നടത്തിയത്. മുൻകൊല്ലങ്ങളിലെപ്പോലെതന്നെ ഇക്കൊല്ലവും എന്യൂമറേററർമാർ തുടർച്ചയായ ജനനമരണ രജിസ്ട്രേഷൻ നടത്തി എല്ലാ മാസവും മാസാന്ത്യ റിപ്പോർട്ടുകളുടെ സംക്ഷേപങ്ങളും 1984 മാർച്ച്, ജൂൺ, സെപ്ററംബർ, ഡിസംബർ മാസങ്ങളിൽ അവസാനിക്കുന്ന ത്രൈമാസിക സപ്ളിമെൻററി റിപ്പോർട്ടുകളുടെ സംക്ഷേപങ്ങളും രജിസ്ററർ ജനറലിന് അയച്ചുകൊടുത്തു. 1984 ജൂൺ മാസത്തിൽ അവസാനിച്ച 37—ാമത് അർദ്ധവാർഷിക സർവ്വേയുടെ ഫലങ്ങളും അയച്ചുകൊടുത്തു.

1984 ജൂലൈ മാസത്തിൽ തുടങ്ങിയ അർദ്ധവാർഷിക സർവ്വേയുടെ കൂടെ ഭാരതരജിസ്ട്രാർ ജനറൽ ആവിഷ്ക്കരിച്ച ഒരു ബൃഹത്തായ (ഫെർട്ടിലിററി ആൻറ് മോർട്ടാലിററി സർവ്വേ) യും നടത്തി. ഈ സർവ്വേയിൽ തെരഞ്ഞെടുക്കപ്പെട്ട ഓരോ ഗ്രാമങ്ങളിലെ പൊതുസൗകര്യങ്ങളുടെ ലഭ്യതയും ഓരോ ഗ്രാമത്തിലും ഉള്ള ഓരോ വീട്ടിലേയും പൊതു സൗകര്യങ്ങളുടെ ലഭ്യതയുടെ വിവരങ്ങളും ശേഖരിച്ചു. ഓരോ അംഗത്തിന്റെയും വയസ്, വൈവാഹിക നില, വിദ്യാഭ്യാസ യോഗ്യത, തൊഴിൽ മുതലായ വിവരങ്ങൾക്ക് പുറമേ ഈ സർവ്വേയുടെ പ്രധാന ഘടകമായ ഫെർട്ടിലിററി ഹിസ്ററി (അതായത് വിവാഹിതരായ ഓരോ സ്ത്രീകളുടെയും സന്താനോല്പാദന വിവരങ്ങൾ) ക്രമമായി രേഖപ്പെടുത്തി. ഇതിനു പുറമേ 1984—ൽ ഓരോ വീട്ടിലും ഉണ്ടായിട്ടുള്ള മരണങ്ങളുടെ വിവരങ്ങളും ശേഖരിച്ചു. ഈ ബൃഹത്തായ സർവ്വേക്ക് കമ്പ്യൂട്ടർ സൂപ്പർവൈസർമാരെ കൂടാതെ ഈ ഡിപ്പാർട്ടുമെൻറിലെ എൽ. ഡി., യു. ഡി., കമ്പയിലർ, ഇൻവെസ്ററിഗേററർ, പാർട്ട്ടൈം ജൂനിയർ സ്ററാററിസ്ററിക്കൽ ഇൻസ്പെക്ടർമാരുടെ സേവനം ഉപയോഗിക്കേണ്ടിവന്നു.

തന്നിമിത്തം 38–ാമത് അർദ്ധവാർഷിക സർവ്വേയുടെ ഫലങ്ങൾ ജില്ലകളിൽ നിന്നും വരാൻ താമസിക്കുകയും 39–ാമത് അർദ്ധവാർഷിക സർവ്വേ 1985 ജനുവരി ഒന്നിന് തുടങ്ങേണ്ടിയിരുന്നത് ഫെബ്രുവരി ഒന്നുവരെ നീണ്ടുപോവുകയും ചെയ്തു. ഫെർട്ടിലിററി ആൻറ് മോർട്ടാലിററി സർവ്വേയുടെ ഷെഡ്യൂളുകളിൽ ഉള്ള വിവരങ്ങൾ അപഗ്രഥനം ചെയ്യുന്നത് സെൻസസ് ഡിപ്പാർട്ടുമെൻറാണ്.

## അദ്ധ്യായം 6

### 6.1. വ്യവസായികസ്ഥിതി വിവരക്കണക്കുവിഭാഗം

സാമ്പത്തിക വികസന പഠനത്തിൻെറ നെടുംതൂണാണ് വ്യവസായിക വികസന പഠനം. ഒരു വികസ്വരസമ്പത്‌വ്യവസ്ഥിതിയിൽ പിന്നോക്കം പൊയ്ക്കൊണ്ടിരിക്കുന്ന കാർഷികമേഖലയും സംക്രമജനകമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന തൊഴിലില്ലായ്മയും സൃഷ്ടിക്കുന്ന സങ്കീർണ്ണമായ സാമ്പത്തിക പ്രശ്നങ്ങൾക്കുള്ള പരിഹാരം ദ്രുതതരം വികസിച്ചുകൊണ്ടിരിക്കുന്ന വ്യവസായിക മേഖലയിൽ മാത്രമേ കണ്ടെത്താനാകു. സാമ്പത്തിക വികസനത്തിൻെറ അവിഭാജ്യഘടകമായ വ്യവസായ മേഖലയുടെ ക്രമാനുഗതമായ വികാസത്തെയും അതിൻെറ തോത്, മാതൃക, വേഗത എന്നിവ തിട്ടപ്പെടുത്തുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുന്ന തന്ത്രപ്രധാനമായ ഒന്നാണ് വ്യവ്സായിക സ്ഥിതി ഗണിതവിഭാഗം.

സംഘടിത വ്യവസായിക മേഖലയിലെ മുടക്കുമുതൽ, വായ്പകൾ പണിയെടുക്കുന്ന മൊത്തം തൊഴിലാളികൾ, അവരുടെ വേതനം അസംസ്കൃത സാധനങ്ങളുടെ ആവശ്യകത, ലഭ്യത, ഉപയോഗം, വികസനത്തിൻെറ സൂചികകളായ ആകെ വ്യവസായിക ഉൽപ്പാദനമൂല്യം, അററമൂല്യം എന്നീ വിശദാംശങ്ങളെക്കുറിച്ചുള്ള പഠനങ്ങളാണ് പ്രായോഗികമായി ഈ വിഭാഗം നടത്തുന്നത്.

ഈ വ്യവസായിക സ്ഥിതി ഗണിത വിഭാഗത്തിന് ആവശ്യമുള്ള പട്ടികകൾ നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ അയച്ചുതരുന്നു. അതു പരിശോധിച്ച് സാരണീയം ചെയ്ത് ഈ വിഭാഗം റിപ്പോർട്ട് തയ്യാറാക്കുന്നു.

ഈ റിപ്പോർട്ടു വർഷത്തിൽ 1978–79–ലെ റിപ്പോർട്ട് തയ്യാറാക്കി 1979–80–ലെ റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ 1980–81–ലെ പട്ടികകൾ പരിശോധിച്ച് സാരണീയം ചെയ്തുകൊണ്ടിരിക്കുന്നു. സംസ്ഥാന വരുമാന നിർണ്ണയ വിഭാഗത്തിന് റെജിസ്റേറഡ് വ്യവസായിക മേഖലയിലെ (Registered factory sector) ഇൻപുട്ട്, ഔട്ട്പുട്ട് ഡിപ്രിസിയേഷൻ. വാല്യു ആഡഡ് എന്നിവ കൊടുക്കുകയും ചെയ്യുന്നു.

ഈ വിഭാഗത്തിൽ ഒരു അസിസ്ററൻറ് ഡയറക്ടറും ഒരു റിസർച്ച് ഓഫീസറും രണ്ട് റിസർച്ച് അസിസ്ററൻറും ഒരു യു. ഡി. കമ്പയിലറും രണ്ട് എൽ. ഡി. കമ്പയിലറും നിലവിൽ ഉണ്ട്.

6.2. കയററുമതി ഇറക്കുമതി

കൊച്ചി തുറമുഖം വഴി ഏതാണ്ട് തൊണ്ണൂററി രണ്ട് വിദേശ രാജ്യങ്ങളുമായി നടത്തുന്ന കയററുമതി ഇറക്കുമതിയുടെ ദൈനംദിന സ്ഥിതി വിവരക്കണക്കുകൾ കസ്ററംസ് കളക്ടർ ഓഫീസിൽ നിന്നും ശേഖരിക്കുകയും അവയെ പിന്നെ ക്രോഡീകരിച്ച് വാർഷിക റിപ്പോർട്ടുകളായി പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നു. സൂചനാവർഷം 1982–83–ലെ കേരളത്തിലെ കടൽമാർഗ്ഗ കയററുമതി ഇറക്കുമതി വിവരങ്ങൾ സംഗ്രഹിക്കുകയും സമാഹരിക്കുകയും ചെയ്തു. കേരളത്തിൻെറ സാമ്പത്തികസ്ഥിതി അറിയുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള അളവുകോലാണ് ഈ സ്ഥിതി വിവരക്കണക്കുകൾ.

6.3. വ്യവസായ ഉൽപ്പന്നസൂചിക

വ്യവസായ രംഗത്തെ വികസനം കണക്കാക്കാൻ വ്യവസായ ഉൽപ്പന്ന സൂചിക സഹായിക്കുന്നു. കേരള സർക്കാർ 24–7–1975–ൽ നൽകിയ കൽപ്പന 180/75/പിഎൽസി പ്രകാരമാണ് ഈ സൂചിക തയ്യാറാക്കാൻ തുടങ്ങിയത്.

ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശം ത്രൈമാസിക വാർഷിക ഉൽപ്പന്നസൂചിക റിപ്പോർട്ടുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുക എന്നതാണ്. സൂചനാവർഷം 30–3–1982, 30–6–1982, 30–9–1982, 31–12–1982, 31–3–1983 എന്നീ കാലയളവിലെ ത്രൈമാസിക റിപ്പോർട്ടുകളും 1981–82–ലെ വാർഷിക റിപ്പോർട്ടുകളും പ്രസിദ്ധീകരിക്കുകയും ചെയ്തു. 30–6–1983 30–9–1983 എന്നീ ത്രൈമാസിക റിപ്പോർട്ടുകളുടെ പണി ആരംഭിച്ചു. സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷനാണ് ഈ സൂചിക തയ്യാറാക്കാനുള്ള മാർഗ്ഗനിർദ്ദേശം നൽകിക്കൊണ്ടിരിക്കുന്നത്.

## അദ്ധ്യായം 7

തൊഴിൽ സ്ഥിതിവിവര കണക്കുവിഭാഗം

സാമ്പത്തിക സ്ഥിതിവിവര കണക്കുവകുപ്പിലെ തൊഴിൽസ്ഥിതി വിവരക്കണക്കുവിഭാഗം 1984–85–ൽ തയ്യാറാക്കിയിട്ടുള്ള പ്രധാനപ്പെട്ട വിവരങ്ങളുടെ ചുരുക്കമാണ് താഴെ കൊടുത്തിട്ടുള്ളത്.

1948–ലെ ഫാക്ടറി നിയമമനുസരിച്ച് 1982–ൽ രജിസ്ററർ ചെയ്ത ഫാക്ടറികളിൽ നിന്നുള്ള വാർഷിക കണക്കുപത്രികകളും അവയെ സംബന്ധിച്ചുള്ള മററു വിവരങ്ങളും ഫാക്ടറി–ബോയിലർ ഡയറക്ടറേററിൽനിന്നും സ്വീകരിച്ച വിവരങ്ങളും സൂക്ഷ്മ പരിശോധനയ്ക്കുശേഷം സമാഹരിച്ച് വാർഷിക റിപ്പോർട്ടും ബന്ധപ്പെട്ട സ്റേററ്മെൻറുകളും തയ്യാറാക്കി സിംലയിലെ ബ്യൂറോയ്ക്ക് അയച്ചുകൊടുത്തു.

1936–ലെ വേതനം നൽകുന്ന നിയമമനുസരിച്ച് 1982–ൽ പ്രതിമാസം 400 രൂപയ്ക്ക് മുകളിൽ 1000 രൂപയിൽ താഴെ വരുമാനമുള്ള തൊഴിലാളികൾക്കു ലഭിക്കുന്ന വേതനത്തിൻെറയും അവരിൽനിന്നും ഈടാക്കുന്ന തുകയുടെയും വിശദമായ വിവരങ്ങൾ ഫാക്ടറി ബോയിലർ

ഡയറക്ടറിൽ നിന്നും ശേഖരിച്ച് സൂക്ഷ്മ പരിശോധന നടത്തി പട്ടികകൾ, വാർഷിക സ്റേററ്മെൻറുകൾ, റിപ്പോർട്ടുകൾ തുടങ്ങിയവ തയ്യാറാക്കി ലേബർ ബ്യൂറോയ്ക്ക് അയച്ചുകൊടുത്തു.

ജില്ലാ ലേബർ ഓഫീസർമാർ ശേഖരിച്ച് അയച്ചുതരുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ ഫാക്ടറികളിലും തോട്ടങ്ങളിലും മററു സ്ഥാപനങ്ങളിലും ഉണ്ടായിട്ടുള്ള പണിമുടക്ക് , ലോക്കൗട്ട്, ക്ലോസർ, ലേ ഓഫ് പിരിച്ചുവിടൽ, ഘേരാവോ എന്നിവയെ സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ ഉൾക്കൊള്ളിച്ച് പ്രതിമാസ റിപ്പോർട്ടുകൾ തയ്യാറാക്കി ലേബർ ബ്യൂറോയ്ക്ക് അയച്ചുകൊടുത്തു.

1961–ലെ പ്രസവാനുകൂല്യ നിയമപ്രകാരം ഫാക്ടറികളിലെയും തോട്ടങ്ങളിലെയും സ്ത്രീതൊഴിലാളികൾക്ക് കൊടുത്തിട്ടുള്ള ആനുകൂല്യങ്ങളെ സംബന്ധിച്ചുള്ള വാർഷിക റിപ്പോർട്ട് (1983) ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും വരുത്തി സമാഹൃതസ്ഥിതി വിവര പട്ടികയും റിപ്പോർട്ടും തയ്യാറാക്കി ലേബർ ബ്യൂറോയ്ക്ക് അയച്ചുകൊടുത്തു.

1948–ലെ ഫാക്ടറി നിയമപ്രകാരം രജിസ്ററർ ചെയ്ത ഫാക്ടറികളിൽ നിന്നും ലഭിച്ച 1983 ജൂൺമാസം 30–ാം തീയതി കൊണ്ടവസാനിക്കുന്ന ആദ്യ പകുതിയിലെ അർദ്ധവാർഷിക കണക്കു പത്രികകൾ സൂക്ഷ്മപരിശോധന ചെയ്ത്, റിപ്പോർട്ടുകളും സ്ഥിതി വിവര പട്ടികകളും തയ്യാറാക്കി ലേബർ ബ്യൂറോയ്ക്ക് അയച്ചുകൊടുത്തു.

## അദ്ധ്യായം 8

### മാനവശക്തി വിഭാഗം

ആസൂത്രണത്തിനാവശ്യമായ സാങ്കേതിക പരിജ്ഞാനം സിദ്ധിച്ചിട്ടുള്ളവരേയും മററുള്ളവരേയും സംബന്ധിച്ചുള്ള വിവിധ സ്ഥിതി വിവരക്കണക്കുകൾ ലഭ്യമാക്കുകയും ബന്ധപ്പെട്ട തുറകളിൽ ആവശ്യമായ പഠനം നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കി ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവരികയുമാണ് ഈ വിഭാഗത്തിന്റെ പ്രധാന ജോലി. ഈ വിഭാഗത്തിൽ ഒരു ജോയിൻറ് ഡയറക്ടർ, ഒരു അസിസ്ററൻറ് ഡയറക്ടർ, രണ്ടു റിസർച്ച് ആഫീസർമാർ, ഒരു റിസർച്ച് അസിസ്ററൻറ്, രണ്ടു കമ്പയിലർമാർ എന്നിവർ ജോലി ചെയ്തുവരുന്നു. ഇവർക്കു പുറമേ ഏഴു മാൻ പവർ ആഫീസർമാർ, കൃഷി, മൽസ്യബന്ധനം, വ്യവസായവും വാണിജ്യവും ആരോഗ്യസേവനം, സാങ്കേതിക വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, പൊതുമരാമത്തു എന്നീ വകുപ്പുകളിലായി ജോലി ചെയ്തു വരുന്നു.

റിപ്പോർട്ടു വർഷത്തിൽ ഈ വിഭാഗത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു. മുൻ വർഷത്തിൽ തുടങ്ങിവച്ച താഴെ സൂചിപ്പിക്കുന്ന പഠനങ്ങൾ റിപ്പോർട്ടുവർഷത്തിൽ പൂർത്തിയാക്കി.

(1) 1978–83 കാലയളവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽപ്പെട്ടവരുടെ ലഭ്യതയേയും ആവശ്യകതയേയും സംബന്ധിച്ചുള്ള പഠനം (മാൻ പവർ സീരീസ് 45).

(2) ആരോഗ്യസേവന വകുപ്പിലെ മെഡിക്കലും പാരാമെഡിക്കലും ജീവനക്കാരുടെ മൈഗ്രേഷൻ സംബന്ധിച്ചുള്ള പഠനം (മാൻ പവർ സീരീസ് 46).

(3) സാങ്കേതിക പരിജ്ഞാനം സിദ്ധിച്ച മാനവശക്തിയെക്കുറിച്ചുള്ള റിപ്പോർട്ട് (മാൻ പവർ സീരീസ് 47).

(4) കേരളത്തിലെ പട്ടിക വർഗ്ഗത്തിൽപ്പെട്ട മാനവശക്തിനില (മാൻ പവർ സീരീസ് 48).

(5) പൊതുമരാമത്തു വകുപ്പിലുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിലെ തൊഴിൽ നിലയെക്കുറിച്ച് ഒരു പഠനം (മാൻ പവർ സീരീസ് 49).

നടന്നുവരുന്ന പഠനങ്ങൾ താഴെ ചേർക്കുന്നു:

(1) കേരളത്തിലെ തോട്ടം തൊഴിലാളികളെ സംബന്ധിച്ചുള്ള പഠനം.

(2) മൽസ്യബന്ധന പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം സിദ്ധിച്ച മൽസ്യത്തൊഴിലാളികളുടെ വിനിയോഗത്തെപ്പററി ഒരു പഠനം.

(3) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട തൊഴിൽ സംരംഭകർ നടത്തുന്ന വ്യവസായ യൂണിററുകളെക്കുറിച്ച് ഒരു പഠനം.

(4) വനിതാ പോളിടെക്നിക്കുകളിൽ നിന്ന് ഡിപ്ലോമാ നേടിയവരുടെ തൊഴിൽ നിലയെപ്പററിയുള്ള പഠനം.

(4) വിവിധ കൈത്തൊഴിലുകളിൽ ഏർപ്പെട്ടവരുടെ തൊഴിൽനിലയെപ്പററിയുള്ള പഠനം.

(6) പ്ലമ്പർ ട്രെയിഡിൽ ഉപരി പരിശീലനം നേടിയവരെ സംബന്ധിച്ചുള്ള ഒരു പഠനം.

(7) കേരളത്തിലെ നിലവിലുള്ള പ്രധാനപ്പെട്ട ജലസേചന പദ്ധതികളിൽ ഏർപ്പെട്ടിരിക്കുന്ന സാങ്കേതിക വിദഗ്ധന്മാരെക്കുറിച്ചുള്ള പഠനം.

(8) കേരളത്തിലെ ഗ്രാമീണവും നാഗരീകവുമായ പ്രദേശങ്ങളിൽ ചികിൽസാപരമായ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെക്കുറിച്ചുള്ള പഠനം.

(9) കേരളത്തിലെ പൊതു മേഖലാസ്ഥാപനങ്ങളിൽ ഉളവായ തൊഴിൽ വർദ്ധനവിനെപ്പററിയുള്ള പഠനം.

(10) കേരളത്തിലെ ബാങ്കിംഗ് മേഖലയിൽ ആറാം പദ്ധതിക്കാലയളവിൽ ഉളവായ തൊഴിൽ വർദ്ധനവിനെക്കുറിച്ചുള്ള പഠനം.

(11) മണ്ണു പരിശോധന കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്ന സാങ്കേതിക പരിജ്ഞാനം സിദ്ധിച്ചവരുടെ ലഭ്യതയെയും ആവശ്യകതയെയും പററിയുള്ള പഠനം.

(12) വ്യവസായ സംരംഭകരുടെ പുരോഗതിക്കും പരിശീലനത്തിനും വേണ്ടി നടപ്പാക്കിയ പദ്ധതി അവരിലുളവാക്കിയ പ്രത്യാഘാതത്തെപ്പററിയുള്ള പഠനം.

(13) കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്ക്നിക്കുകളിലും പഠിപ്പു പാഴാക്കിയ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട വരെ സംബന്ധിച്ചുള്ള പഠനം.

(14) ആരോഗ്യവകുപ്പിൽ ആറാം പദ്ധതിക്കാലത്ത് നടപ്പാക്കിയ ഇരുപതിന പരിപാടിയോടനുബന്ധിച്ച് സംജാതമായ തൊഴിൽ വർദ്ധനവിനെപ്പററി ഒരു പഠനം.

(15) തൊഴിലധിഷ്ഠിത ഉപരിപരിശീലന സമ്പ്രദായത്തെപ്പററിയുള്ള പഠനം.

പട്ടികജാതി/പട്ടികവർഗ്ഗ/മററു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടി ശ്രദ്ധവയ്ക്കൽ സംബന്ധിച്ച്—പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട സാങ്കേതിക പരിശീലനം ലഭിച്ചവരെ സംബന്ധിക്കുന്ന താഴെ പറയുന്ന പഠനങ്ങൾ നടപ്പു വർഷത്തിൽ തുടങ്ങിയിട്ടുണ്ട്:

(1) കേരളത്തിലെ പട്ടിക വർഗ്ഗത്തിൽപ്പെട്ട തൊഴിൽ സംരംഭകർ നടത്തുന്ന വ്യവസായ യൂണിററുകളെക്കുറിച്ചുള്ള ഒരു പഠനം.

(2) എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും പഠനം പാഴാക്കിയ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരെ സംബന്ധിച്ചുള്ള ഒരു പഠനം.

ഓരോ മാസത്തിലും ചെയ്യുന്ന ജോലിയെപ്പററി അവലോകനം ചെയ്യുന്നതിനുവേണ്ടി മാൻപവർ ആഫീസർമാരുടെ സമ്മേളനം എല്ലാ മാസവും കൂടുകയും അതിന്റെ മിനിററ്സ് അതതു വകുപ്പു മേധാവികൾക്കു കൊടുക്കുകയും ചെയ്തിട്ടുണ്ട്.

ഡൽഹിയിലെ ഇൻസ്ററിററ്യൂട്ട് ആഫ് അപ്ലൈഡ് മാൻപവർ കേന്ദ്രത്തിൽ സെപ്ററംബർ മാസത്തിൽ ഒരു ആഴ്ച നീണ്ടുനിന്ന പരിശീലന പ്രോഗ്രാമിൽ ജോയിൻറ് ഡയറക്ടർ പങ്കെടുത്തു. കൂടാതെ ഇവിടെയുള്ള ഇൻസ്ററിററ്യൂട്ട് ഓഫ് മാനേജ്മെൻറിലും ഹ്രസ്വകാല പരിശീലന കോഴ്സുകളിൽ ഈ ഡിവിഷനിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥൻമാർ പങ്കെടുത്തിട്ടുണ്ട്.

## അദ്ധ്യായം 9

### ഭവനനിർമ്മാണവും വേതനഘടന സർവേയും വിഭാഗം

ഈ വിഭാഗം റിപ്പോർട്ടു വർഷത്തിൽ ഭവന നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചും കെട്ടിട നിർമ്മാണ രംഗങ്ങളിലെ ജോലിക്കാരുടെയും വ്യാപാര സ്ഥാപനങ്ങളിലെ ജോലിക്കാരുടെയും വേതന ഘടനയെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും അവ വിശകലനം ചെയ്ത് ആവശ്യാനുസരണമുള്ള പട്ടികകൾ തയ്യാറാക്കി ഭവന നിർമ്മാണ രംഗത്തെ സ്ഥിതി വിവരങ്ങൾ

ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്കും വേതന ഘടനാ സർവേയിൽ ശേഖരിച്ച വിവരങ്ങൾ ദേശീയ വരുമാന വിഭാഗത്തിൽ പഠനത്തിനായി കൊടുക്കുകയും ചെയ്തു.

9.1. ഭവന നിർമ്മാണം

രാജ്യത്തുള്ള പാർപ്പിട സൗകര്യവും പുതിയതായി പണികഴിപ്പിക്കുന്ന പാർപ്പിട സംരംഭത്തിന്റെ പുരോഗതിയും വിലയിരുത്തുന്നതിനായി കെട്ടിടങ്ങളും വാസഗൃഹങ്ങളും നിർമ്മിക്കുന്നതിന്റെ സ്ഥിതിവിവരങ്ങൾ ഇൻഡ്യാ ഗവൺമെൻറിന്റെ നിയന്ത്രണത്തിലുള്ള ദേശീയ കെട്ടിട നിർമ്മാണ സമിതിയുടെ നിർദ്ദേശപ്രകാരം കേരളത്തിലെ എല്ലാ പട്ടണപ്രദേശങ്ങളിൽനിന്നും നഗര പ്രദേശങ്ങളിൽനിന്നും എല്ലാ ത്രൈമാസികാന്ത്യങ്ങളിലും ശേഖരിക്കുന്നുണ്ട്.

(1) മുനിസിപ്പൽ ഭരണവകുപ്പ് ഡയറക്ടർ ആഫീസിലെ ഭവന നിർമ്മാണസ്ഥിതിവിവരക്കണക്കു വിഭാഗം, കേരളത്തിലെ മുനിസിപ്പാലിററികൾ പണിയാൻ അനുവാദം നൽകിയ സ്വകാര്യ മേഖലയിലുള്ള കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ പാദവാർഷിക കണക്കുകൾ 30–9–1983 മുതൽ 30–6–1984 കൊണ്ടവസാനിക്കുന്ന കാലയളവിലേക്കുള്ളവ ശേഖരിച്ച് സഞ്ചിതപ്പെടുത്തിയ പട്ടികകൾ സൂക്ഷ്മ പരിശോധനയ്ക്കായി ഈ വിഭാഗത്തിലേക്ക് അയച്ചുതരികയുണ്ടായി. അവ ഇവിടെ സൂക്ഷ്മ പരിശോധനയ്ക്കു ശേഷം ഡൽഹിയിലുള്ള ഇൻഡ്യാ ഗവൺമെൻറിന്റെ ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

(2) മുനിസിപ്പൽ ഭരണവകുപ്പ് ഡയറക്ടർ ആഫീസിൽ സാമ്പത്തിക സ്ഥിതിവിവര വകുപ്പിലേക്കുള്ള ഹെഡ്ഡിൽത്തന്നെ ശമ്പളം വാങ്ങുന്ന ഒരു റിസർച്ച് അസിസ്റ്റൻറും രണ്ടു കമ്പയിലർമാരും പ്രവർത്തിക്കുന്നുണ്ട്.

(3) സാമ്പത്തിക സ്ഥിതി വിവരവകുപ്പ് നേരിട്ടുതന്നെ സംസ്ഥാനത്തെ മൂന്നു നഗരസഭകളിൽ നിന്നും കെട്ടിട നിർമ്മാണ പ്രവർത്തനത്തിലുള്ള സ്ഥിതിവിവരങ്ങൾ ശേഖരിക്കുകയുണ്ടായി. തിരുവനന്തപുരം, നഗരസഭയിൽ നിന്നും 31–3–1984–മുതൽ 31–12–1984 വരെയും കൊച്ചി നഗരസഭയിൽ നിന്നും 30–6–1983 മുതൽ 31–3–1984 വരെയും കോഴിക്കോട് നഗരസഭയിൽ നിന്നും 30–6–1983 മുതൽ 31–3–1984 വരെയുള്ള കാലയളവിലേക്കുള്ള പാദവാർഷിക വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. റിപ്പോർട്ടു വർഷം തിരുവനന്തപുരം നഗരസഭയിലെ 31–3–1984 മുതൽ 30–9–1984 വരെയും കോഴിക്കോട് നഗരസഭയിലെ 30–6–1983 മുതൽ 31–3–1984 വരെയും കൊണ്ടവസാനിക്കുന്ന പാദവർഷങ്ങളിലേക്കുമുള്ള സ്വകാര്യമേഖലയിലെ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളുടെ വിവരങ്ങൾ സഞ്ചിതപ്പെടുത്തിയ പട്ടികകൾ ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. കൊച്ചി നഗരസഭയിലേതു വളരെ താമസിച്ചു മാത്രം കിട്ടിയതുകൊണ്ട് പട്ടികകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

4. സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിലും, സാമ്പത്തികസ്ഥിതി വിവരവകുപ്പിനോടനുബന്ധിച്ചുള്ള, ഹെഡ്ഡിൽത്തന്നെ ശമ്പളം വാങ്ങുന്ന ഒരു കെട്ടിട നിർമ്മാണസ്ഥിതി വിവരക്കണക്കു വിഭാഗത്തിൽ ഒരു റിസർച്ച് ആഫീസറും രണ്ടു കമ്പയിലർമാരും പ്രവർത്തിയെടുക്കുന്നുണ്ട്. ഈ വിഭാഗം പൊതുമരാമത്ത് വകുപ്പ് ഏറെറടുത്ത് നടത്തുന്നതായും അൻപതിനായിരം

രൂപയ്ക്കു മേൽ ചിലവു ചെയ്തു നിർമ്മിക്കുന്നതുമായ കെട്ടിടങ്ങളുടെ സ്ഥിതി വിവരക്കണക്കുകൾ വാർഷിക ക്രമത്തിനു ശേഖരിച്ച് 31–3–1983–ൽ അവസാനിക്കുന്ന ഒരു വർഷത്തേയ്ക്കുളളത് സഞ്ചിതപ്പെടുത്തിയ പട്ടികകൾ സൂക്ഷ്മ പരിശോധനയ്ക്കായി ഈ ആഫീസിലേയ്ക്ക് അയച്ചു തരികയും അവ വേണ്ട പരിശോധനയ്ക്കുശേഷം ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്കു അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

5. ഇവ കൂടാതെ സാമ്പത്തിക സ്ഥിതിവിവര വകുപ്പിലുളള ഭവന നിർമ്മാണസ്ഥിതിവിവര വിഭാഗം, കെട്ടിട നിർമ്മാണ സാധനങ്ങളുടെ വില നിലവാരവും കെട്ടിട നിർമ്മാണ ജോലിക്കാരുടെ വേതന നിരക്കും സംബന്ധിച്ച വിവരങ്ങൾ എല്ലാ ജില്ലാ തലസ്ഥാനങ്ങളിൽനിന്നും ശേഖരിച്ച് ജില്ലാ ആഫീസുകളിൽ നിന്നും അയച്ചു തരികയും ആയവ സഞ്ചിതപ്പെടുത്തി ഓരോ പാദവർഷത്തിലേക്കുമുളളവ സ്ഥിതിവിവര പട്ടികകൾ തയ്യാറാക്കി ഈ കാലയളവിൽ ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

6. കൂടാതെ കേരളത്തിലെ കെട്ടിടനിർമ്മാണ ചിലവിൻെറ 1983–ലേക്കുളള സൂചിക, 1971-ലേത് അടിസ്ഥാനപ്പെടുത്തി തിരുവനന്തപുരം കേന്ദ്രത്തിൻേറതു തയ്യാറാക്കുകയും ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഭവന നിർമ്മാണസ്ഥിതി വിവര വിഭാഗത്തിൽ ഒരു റിസർച്ച് ആഫീസറും ഒരു റിസർച്ച് അസിസ്ററൻറും ഒരു കമ്പയിലറുമാണ് പ്രവർത്തിയെടുക്കുന്നത്.

9.2 വേതനഘടനാ സർവെ

മുൻ രീതിയനുസരിച്ച് 1983–84 വർഷത്തിലെ അവസാനപാദത്തിലേക്കും 1984–85 വർഷത്തിലും മൂന്നു പാദങ്ങളിലേക്കും വേതന ഘടന സർവെ നടത്തപ്പെട്ടു.

നഗരങ്ങളിലെയും ഗ്രാമപ്രദേശങ്ങളിലെയും മൊത്തവ്യാപാരസ്ഥാപനങ്ങളിലും ചില്ലറ വ്യാപാര സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതന നിരക്കുകളും കെട്ടിട നിർമ്മാണ മേഖലയിലെ വിവിധ വിഭാഗം തൊഴിലാളികളുടെ വേതന നിരക്കുകളും ശേഖരിക്കുകയാണ് ഈ സർവേയുടെ ഉദ്ദേശ്യം. ഇതിൽ ശേഖരിക്കുന്ന വിവരങ്ങൾ ദേശീയ വരുമാനവും പ്രതിശീർഷ വരുമാനവും കണക്കാക്കുന്ന വിഭാഗം ഉപയോഗിക്കുന്നുണ്ട്.

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും, നഗരപ്രദേശങ്ങളിലെയും ഗ്രാമപ്രദേശങ്ങളിലെയും തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിലെയും കെട്ടിട നിർമ്മാണ യൂണിററുകളിലെയും വിവിധ വിഭാഗം ജീവനക്കാരുടെയും തൊഴിലാളികളുടെയും വേതന വിവരങ്ങൾ ഓരോ ത്രൈമാസികാന്ത്യവും ഓരോ ജില്ലയിലും ഇതിനുവേണ്ടി നിയോഗിക്കപ്പെട്ടിട്ടുളള ഇൻവെസ്ററിഗേററർമാർ ശേഖരിച്ച് ജില്ലാ ഓഫീസുകൾവഴി അയച്ചുതരുന്നതും, അവ ഈ വിഭാഗത്തിൽ സൂക്ഷ്മ പരിശോധന കഴിഞ്ഞ് സഞ്ചിതപ്പെടുത്തി പട്ടികകളും റിപ്പോർട്ടും തയ്യാറാക്കുന്നുണ്ട്. റിപ്പോർട്ടുവർഷം 1983–84–ലെ നാലു ത്രൈമാസികങ്ങളിലേക്കുളള പട്ടികകൾ തയ്യാറാക്കിയിട്ടുണ്ട്. 1984–85 വർഷത്തിൽ മൂന്നു ത്രൈമാസികങ്ങളിലേക്കുളള വിവരങ്ങൾ ശേഖരിച്ച് ഷെഡ്യൂളുകൾ അയച്ചു തന്നിട്ടുളളത് സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞിട്ടുണ്ട്.

ഈ വിഭാഗത്തിൽ വയനാട്, പത്തനംതിട്ട, കാസർകോട് ഒഴിച്ചുള്ള 11 ജില്ലകളിലും ഓരോ ഇൻവെസ്റ്റിഗേറ്റർമാരെ വിവരങ്ങൾ ശേഖരിക്കുന്നതിനായി നിയോഗിച്ചിട്ടുണ്ട്. ഡയറക്ടറാഫീസിൽ ഒരു റിസർച്ച് അസിസ്റ്റന്റും ഒരു കമ്പയിലറും പ്രവർത്തിയെടുക്കുന്നുണ്ട്.

## അദ്ധ്യായം 10

### നാഷണൽ സാമ്പിൾ സർവ്വേ വിഭാഗം

ആയിരത്തിതൊള്ളായിരത്തി അൻപതിൽ നിലവിൽ വന്ന ഇൻഡ്യാഗവൺമെന്റിന്റെ നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷൻ, ആസൂത്രണത്തിനും മററു ഭരണപരമായ ആവശ്യങ്ങൾക്കുമായി രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയുടെ വിവിധ വശങ്ങളെ സംബന്ധിക്കുന്ന സാമൂഹ്യസാമ്പത്തിക വിവരങ്ങൾ രാജ്യവ്യാപകമായ അടിസ്ഥാനത്തിൽ ശേഖരിക്കുന്നതിന് ഓരോ വർഷവും സാമ്പിൾ സർവ്വേകൾ നടത്തിക്കൊണ്ടിരിക്കുന്നു. കേന്ദ്രഗവൺമെന്റുമായി തുല്യ അടിസ്ഥാനത്തിൽ സർവ്വേയുടെ സാമൂഹ്യ—സാമ്പത്തിക വിവരങ്ങൾ ശേഖരിക്കുന്നതിൽ കേരളവും പങ്കെടുത്തുകൊണ്ടിരിക്കുന്നു. 1983 ജനുവരിയിൽ മുപ്പത്തി എട്ടാമത്തെ റൗണ്ട് സർവ്വേ ആരംഭിച്ചു. സർവേ കാലം ഒരു വർഷമായിരുന്നു. സർവ്വേയിലെ പ്രധാന വിഷയങ്ങൾ തൊഴിലാളികളെ സംബന്ധിച്ചും തൊഴിൽ രഹിതരെക്കുറിച്ചും കുടുംബചിലവുകളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിക്കലായിരുന്നു. 1983 ഡിസംബർ മാസം സർവ്വേ അവസാനിച്ചു. 1984 ജനുവരിയിൽ 39—ാംമത്തെ റൗണ്ട് ആരംഭിച്ചു. അത് ആറുമാസം നീണ്ടുനിൽക്കുന്ന ഒരു സർവ്വേ ആയിരുന്നു. 39—ാമത്തെ റൗണ്ടിലെ വിഷയങ്ങൾ ജനസംഖ്യ, ജനനമരണം മുതലായവയെക്കുറിച്ചുള്ളവയായിരുന്നു. റിപ്പോർട്ടു കാലത്ത് 32—ാമത് റൗണ്ടിലെ എംപ്ലോയ്മെൻറ് അൺ—എംപ്ലോയ്മെൻറ് സർവ്വേയുടെ റിപ്പോർട്ടു ശരിയാക്കി നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷന്റെ അംഗീകാരത്തിനായി അയച്ചു. 36—ാം റൗണ്ടിലെ അംഗവൈകല്യം സംഭവിച്ചവരെക്കുറിച്ചുള്ള സർവ്വേയുടെ ററാബുലേഷൻ ജോലി ആരംഭിച്ചു.

## അദ്ധ്യായം 11

### വിലയിരുത്തൽ പഠനവിഭാഗം

11.1 കുന്താപദ്ധതിയുടെ കേരള സംസ്ഥാനത്തിൽപ്പെട്ട നീരൊഴുക്കു പ്രദേശത്തിലെ മണ്ണൊലിപ്പു നിവാരണ പ്രവർത്തനത്തെ സംബന്ധിച്ച് ഏഴാംവട്ട വിലയിരുത്തൽ പഠനം.

നീരൊഴുക്കു പ്രദേശത്തിലെ മണ്ണൊലിപ്പു നിവാരണ പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുക. പ്രസ്തുത പദ്ധതിപ്രകാരം ഗുണഭോക്താക്കൾക്കുണ്ടായിട്ടുള്ള നേട്ടങ്ങൾ തിട്ടപ്പെടുത്തുക. എന്നീ പ്രധാന ലക്ഷ്യങ്ങൾ വെച്ചുകൊണ്ടുള്ള സർവേയാണിത്. പദ്ധതി പ്രദേശത്തിൽ ഉൾപ്പെട്ട കുൽക്കൂർ, മുള്ളി എന്നീ പ്രദേശങ്ങളിൽ നിന്നും സെലക്ററ് ചെയ്ത് പ്ലോട്ടുകളെ സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ച് പഠനം നടത്തേണ്ടതാണ്. വിവരം ശേഖരിക്കുന്നതിനുള്ള ഫാറങ്ങൾ പാലക്കാട് ഡിസ്ട്രിക്ററ് ആഫീസിൽ ഏൽപ്പിക്കുകയും ഡിസ്ട്രിക്ററ് ആഫീസിലെ ഒരു ഇൻവെസ്ററിഗേററെ ഇതിലേയ്ക്ക് നിയോഗിക്കുകയും ചെയ്തു സർവ്വേ

പൂർത്തിയായിട്ടില്ല. പദ്ധതിയെപ്പററിയുള്ള കൂടുതൽ വിവരങ്ങൾ പാലക്കാട് സോയിൽ കൺസർവേഷൻ ആഫീസിൽനിന്നും ശേഖരിക്കുകയുണ്ടായി. വിശദവിരങ്ങൾ ശേഖരിച്ചശേഷം റിപ്പോർട്ട് തയ്യാറാക്കുന്നതാണ്.

11.2 തിരുവനന്തപുരം ജില്ലയിലെ ഇൻഡസ്ട്രിയൽ എസ്റേററിനെപ്പററിയുള്ള പഠനം.

സർവ്വേയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:

(1) ചെറുകിട വ്യവസായ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിൽ എന്തെങ്കിലും അപാകതകളുണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് ആയതു സർക്കാരിൻെറ ശ്രദ്ധയിൽ പെടുത്തുക.

(2) പ്രസ്തുത വ്യവസായ കേന്ദ്രത്തിലുള്ള വ്യവസായ സ്ഥാപനങ്ങളുടെ പ്രവത്തനം വിലയിരുത്തുക.

(3) ഓരോ സ്ഥാപനത്തിൻെറയും നടത്തിപ്പിൽ നേരിടുന്ന വിഷമതകൾ കണ്ടുപിടിച്ച് പരിഹാര നിർദ്ദേശം നൽകുക.

(4) ഈ വ്യവസായകേന്ദ്രങ്ങൾ സ്ഥാപിച്ചതുകൊണ്ടുണ്ടായിട്ടുള്ള നേട്ടങ്ങൾ തിട്ടപ്പെടുത്തുക.

മേൽപറഞ്ഞ ലക്ഷ്യങ്ങൾ നേടുന്നതിനാവശ്യമായ സ്ഥിതിവിവരക്കണക്കുകൾ ഓരോ ചെറുകിട വ്യവസായ കേന്ദ്രങ്ങളിലെ സ്ഥാപനത്തിൽനിന്നും ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. വിവരശേഖരണം കഴിഞ്ഞാലുടൻ അവയുടെ സൂക്ഷ്മപരിശോധന നടത്തി ശേഖരിച്ച വിവരങ്ങൾ വിശകലനം ചെയ്ത് വിശദമായ റിപ്പോർട്ട് തയ്യാറാകുന്നതാണ്.

11.3 സാഡുപ്രോഗ്രാം അനുസരിച്ചുള്ള വായ്പയും അവയുടെ ഉപഭോഗത്തെ സംബന്ധിച്ച പഠനവും.

കൃഷിവികസനാവശ്യങ്ങൾക്കു ചെറുകിട കർഷകർക്കു സാഡു പ്രോഗ്രാം അനുസരിച്ച് നൽകിയ വായ്പകൾ കൊണ്ടുണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തുക, പായ്പത്തുക, തിരിച്ചടയ്ക്കുന്നതിൽ കർഷകർക്ക് നേരിട്ട ബുദ്ധിമുട്ടുകൾ കണ്ടുപിടിച്ച് പരിഹാരം നിർദ്ദേശിക്കുക എന്നീ ലക്ഷ്യങ്ങൾ ആധാരമാക്കി പ്രസ്തുത പഠനത്തിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുന്ന ജോലി മാത്രമേ ഈ വകുപ്പിനുണ്ടായിരുന്നുള്ളൂ. ശേഖരിച്ച വിവരങ്ങൾ സംസ്ഥാനത്തെ ആസൂത്രണ ബോർഡിന് അയച്ചുകൊടുക്കുകയും ചെയ്തു.

11.4 ഊർജ്ജോത്പാദനവും ഉപഭോഗരീതിയേയും സംബന്ധിച്ച പഠനം.

സംസ്ഥാന ആസൂത്രണ ബോർഡാണ് പ്രസ്തുത പഠനം ഏറെറടുത്ത് നടത്തുന്നത്. തൃശ്ശൂർ മുതൽ തെക്കോട്ടുള്ള എട്ടു ഡിസ്ട്രിക്ററുകളിലായി 50 സെൻസസ് വില്ലേജുകളിലാണ് ഈ പഠനം നടത്തുന്നത്. ഇതിൻെറ ജോലികൾക്കായി പ്രത്യേക പരിശീലനം നൽകിയ അദ്ധ്യാപകരുടെ

സേവനമാണുപയോഗപ്പെടുത്തുന്നത്. ഈ അദ്ധ്യാപകർ ചെയ്യുന്ന ജോലിയുടെ മേൽനോട്ടം വഹിക്കുന്നതു ഈ ഡിപ്പാർട്ടുമെൻറിലെ താലൂക്ക് ഡിസ്ട്രിക്ററ് തലങ്ങളിലുള്ള ഉദ്യോഗസ്ഥൻമാരാണ്. നിർദ്ദിഷ്ട ഫാറങ്ങളിലുള്ള വിവര ശേഖരണ ജോലി 1984 നവമ്പർ മാസം മുതൽ ആരംഭിച്ചു കഴിഞ്ഞു. ജില്ലാ താലൂക്ക് ഉദ്യോഗസ്ഥൻമാരെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഈ പഠനത്തിൻെറ ഡിപ്പാർട്ടുമെൻറിൻെറതായ ചുമതല ഈ ഡിവിഷൻ ഏറെറടുക്കുകയുണ്ടായി.

11.5 ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൻെറ സഹായത്തോടുകൂടി നടത്തുന്ന സ്വകാര്യതൊഴിലധിഷ്ഠിത പരിശീലനസ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കൽ.

ഇതു സംസ്ഥാന ആസൂത്രണ ബോർഡ് ഏറെറടുത്തിട്ടുള്ള പഠനപരിപാടിയിൽപ്പെട്ടതാണ്. ഇതിലേക്കാവശ്യമായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചു നൽകുക എന്ന ജോലി മാത്രമാണി വകുപ്പിൽ ചെയ്തത്. എല്ലാ ജില്ലകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ഇതിനകം ആസൂത്രണബോർഡിൽ എത്തിച്ചുകഴിഞ്ഞു.

11.6 ഗ്രാമീണ കടബാദ്ധ്യത നിർമ്മാർജ്ജനത്തിൻെറ ഭാഗമായി നിർമ്മിച്ച പാട്ടക്കുടിശിഖയെയും പലിശയ്ക്കു പണം കൊടുക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള നിയമങ്ങളും അവയുടെ സ്വാധീനവും—ഒരു പഠനം.

പ്രസ്തുത പഠനത്തിനാവശ്യമായ വിവരങ്ങൾ ലാൻഡ് ട്രൈബ്യൂണൽ ആഫീസുകളിൽ നിന്നും റവന്യൂ ബോർഡിൽനിന്നും ശേഖരിച്ചു വിശകലനം ചെയ്ത് വിശദമായ ഒരു റിപ്പോർട്ട് സർക്കാരിനു സമർപ്പിച്ചുകഴിഞ്ഞു.

## അദ്ധ്യായം 12

### കയർസർവ്വേ

കയർ വ്യവസായ പദ്ധതിയെ സംബന്ധിച്ചുള്ള സർവ്വേയുടെ പ്രാരംഭ ജോലികൾ ജനുവരി 1984 മുതൽ ആരംഭിച്ചു. ഈ പദ്ധതി പ്രകാരം മൂന്നു ഘട്ടമായിട്ട് പഠനം തുടങ്ങി.

1. വീടുകളിലും മററ് സ്ഥാപനങ്ങളിലും കയറിൻെറയും കയർ ഉൽപ്പന്നങ്ങളുടെയും ഉപഭോഗം സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു. അവ 39–ാമതു റൗണ്ട് എൻ. എസ്. എസ്. പഠനത്തിൻെറ കൂടെ അതു ചെയ്യുന്ന ഇൻവെസ്ററിഗേററർമാരെക്കൊണ്ട് ഈ പഠനത്തെക്കുറിച്ചുള്ള വിവരങ്ങൾ എല്ലാ ജില്ലകളിൽനിന്നും ശേഖരിച്ചു. ഇതിൻെറ സാരണീകരണം (ററാബുലേഷൻ) തീർന്നു. സർവ്വേ റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

2. കയർ ഉൽപ്പാദന യൂണിററുകളിൽ ഉൽപ്പാദിപ്പിക്കുന്ന കയർനാര്, കയർ, കയർ ഉൽപ്പന്നങ്ങൾ എന്നിവയുടെ ഉൽപ്പാദനത്തെയും ആ കയർ വ്യവസായ മേഖലകളിലുള്ള തൊഴിലിനേയും കുറിച്ചുള്ള പഠനം ശേഖരിച്ചു. ഇതിൻെറ ഫീൽഡ്‌വർക്ക് ഫെബ്രുവരി 1984–ൽ ആരംഭിച്ചത് ജനുവരി 1985–ൽ പൂർത്തിയായി. ഇടുക്കി, പാലക്കാട്, വയനാട് ഒഴിച്ചുള്ള ബാക്കി 9 ജില്ല

കളിൽ ഈ പഠനം നടത്തി. അവയുടെ പൂരിപ്പിച്ച ഷെഡ്യൂംഡ് വന്നു കൊണ്ടിരിക്കുന്നു. അവയുടെ സൂക്ഷ്മ പരിശോധനയും സാരണീകരണവും നടന്നുകൊണ്ടിരിക്കുന്നു.

3. മേൽപ്പറഞ്ഞ പഠനങ്ങൾക്കു പുറമേ ആലപ്പുഴ ജില്ലയിലെ പെരുമ്പളം, കീരിക്കാട്, തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം എന്നീ മാതൃകാ കയർ വില്ലേജുകളിൽ ഒരു ബഞ്ചുമാർക്ക് സർവ്വേ തുടങ്ങി. ഏപ്രിൽ 1984—ൽ തുടങ്ങി ജൂൺ 1984—ൽ അവസാനിച്ചു. ഈ വില്ലേജുകളിൽ ജീവിക്കുന്ന ആളുകളുടെയും കയർ മേഖലകളിൽ പ്രവർത്തിക്കുന്നവരുടെയും സാമൂഹ്യ സാമ്പത്തിക വശങ്ങളെക്കുറിച്ചുള്ള പഠനമാണ് ഈ സർവ്വേകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ സർവ്വേയുടെ ഡ്രാഫ്റ്റ് റിപ്പോർട്ട് പൂർത്തിയായി.

## അദ്ധ്യായം 13

## മററു വിഭാഗങ്ങൾ

### 13.1 സർവ്വേ സ്ററഡീസ് ആൻറ് ഡിസൈൻ വിഭാഗം

പുതിയ സർവ്വേകൾ നടത്തുന്നതിലേക്കാവശ്യമായ സ്കീമുകൾ തയ്യാറാക്കുകയും ഷെഡ്യൂളുകൾ ഡിസൈൻ ചെയ്യുകയുമാണ് ഈ വിഭാഗത്തിൻെറ പ്രധാന ജോലി.

1984—85 കാലയളവിൽ ഈ വിഭാഗം പല സ്കീമുകളും തയ്യാറാക്കി അംഗീകാരത്തിനായി ഗവൺമെൻറിലേയ്ക്ക് അയച്ചിരിക്കുകയാണ്. കോവളം /വിഴിഞ്ഞം തുറമുഖത്ത് ചരക്കുഗതാഗതം നടത്തുന്നതിനുള്ള സാദ്ധ്യതയെക്കുറിച്ച് പഠനം നടത്തുന്നതിനും ഹെൽത്ത് ഡിപ്പാർട്ടുമെൻറിൻെറ ആവശ്യപ്രകാരം 1984—85—ൽ പ്രൈമറി ഹെൽത്ത് കെയർ സംബന്ധിച്ച് പഠനം നടത്തുന്നതിനും ആവശ്യമായ ഓരോ സ്കീമുകൾ തയ്യാറാക്കി ഗവൺമെൻറിൻെറ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്. കൂടാതെ UNECEF—ൻെറ സഹായത്തോടുകൂടി കേരളത്തിലെ ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സംരക്ഷണ ശുചീകരണ നടപടികളെക്കുറിച്ച് പഠനം നടത്തുന്നതിനുവേണ്ടി ഒരു സ്കീം തയ്യാറാക്കി അയച്ചിരിക്കുകയാണ്. കേരളത്തിലെ ചെത്തു തൊഴിലാളികളുടെ ജീവിത നിലവാരത്തെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിലേക്കാവശ്യമായ മറെറാരു സ്കീമും റിപ്പോർട്ട് വർഷത്തിൽ തയ്യാറാക്കി അയച്ചിട്ടുണ്ട്.

ഇൻഡ്യാ പോപ്പുലേഷൻ പ്രോജക്ററ് 3—ൻെറ ഭാഗമായി കേരളത്തിൽ ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് എന്നീ നാല് പിന്നോക്ക ജില്ലകളിലും ഇവയ്ക്കടുത്ത് സ്ഥിതിചെയ്യുന്ന കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ നാല് കൺട്രോൾ ജില്ലകളിലും ഒരു അടിസ്ഥാന സർവ്വേ നടത്തുന്നതിനാവശ്യമായ സ്കീമും ഷെഡ്യൂളുകളും തയ്യാറാക്കുകയുണ്ടായി. ഇത് ലോക ബാങ്കിൻെറ ധനസഹായത്തോടുകൂടി നടത്തിയ ഒരു സർവ്വേയാണ്. ഈ സർവ്വേയുടെ ഒരു ഊർജ്ജിത സാമ്പിൾ പരിശോധന ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. കൂടാതെ ലോകബാങ്ക് ധനസഹായം നൽകുന്ന കല്ലട ഇറിഗേഷൻ പ്രോജക്ടിനുവേണ്ടിയുള്ള ഒരു അടിസ്ഥാന സർവ്വേയും നടന്നുകൊണ്ടിരിക്കുകയാണ്. കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട അൻപതു ഗ്രാമങ്ങളിലാണ് ഈ സർവ്വേ നടത്തുന്നത്.

## 13.2 ആഡ്മിനിസ്ട്രേററീവ് ഇൻറലിജൻസ് വിഭാഗം

ബ്ലോക്കുകളിൽ ജോലി ചെയ്യുന്ന ജൂനിയർ സ്ററാററിസ്ററിക്കൽ ഇൻസ്പെക്ടർമാർക്ക് ബ്ലോക്ക് തലത്തിലുള്ള റിപ്പോർട്ടുകഠം തയ്യാറാക്കുന്നതിനു വേണ്ട സാങ്കേതിക നിർദ്ദേശങ്ങഠം നൽകുന്നതിനു പുറമേ ബ്ലോക്കുകളിൽ നിന്ന് ലഭിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന റിപ്പോർട്ടുകഠം തയ്യാറാക്കി സംസ്ഥാന സർക്കാരിലേയ്ക്ക് അയച്ചുകൊടുക്കുന്ന ചുമതലയാണ് ഈ വിഭാഗത്തിനുള്ളത്.

(1) സാമൂഹികവികസന പരിപാടികളുടെ ത്രൈമാസിക റിപ്പോർട്ട്

(2) പ്രാദേശിക വികസന പ്രവർത്തനത്തെ സംബന്ധിക്കുന്ന ത്രൈമാസിക റിപ്പോർട്ട്

(3) സാമൂഹിക വികസന പരിപാടിയെക്കുറിച്ചുള്ള വാർഷിക റിപ്പോർട്ട്.

## 13.3 ഔദ്യോഗികഭാഷാവിഭാഗം

സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷൻ തുടങ്ങി വിവിധ കേന്ദ്ര ഗവൺമെൻറ് ഏജൻസികഠംക്കുവേണ്ടി സർവ്വേ നടത്തി റിപ്പോർട്ടുകളും മററും തയ്യാറാക്കി അയക്കേണ്ട ചുമതലയുള്ള ഒരു വകുപ്പെന്ന നിലയിൽ ഈ വകുപ്പിൻെറ ഭരണഭാഷ പൂർണ്ണമായും മലയാളത്തിലാക്കാൻ സാദ്ധ്യമല്ല. സംസ്ഥാനത്തിനകത്തുമാത്രം ഒതുങ്ങി നിൽക്കുന്ന പ്രവർത്തന മേഖലകളിൽ പടിപടിയായി മലയാളം നടപ്പിലാക്കുക എന്നതാണ് ഈ വിഭാഗത്തിൻെറ ലക്ഷ്യം. ഈ ലക്ഷ്യം നേടിയെടുക്കുന്നതിൽ ക്രമമായ പുരോഗതി റിപ്പോർട്ടു വർഷം നേടിയെടുത്തു.

സർക്കാരിൽനിന്നും ലഭിച്ച ഭരണശബ്ദാവലി, ഭരണഭാഷാപ്രയോഗ പദ്ധതി, ഓദ്യോഗികഭാഷാ മാററം സംബന്ധിച്ച പ്രാധാന ഉത്തരവുകളുടെ സംഗ്രഹം തുടങ്ങിയ പ്രസിദ്ധീകരണങ്ങഠം വകുപ്പിലെ വിവിധ വിഭാഗം മേധാവികഠം, ജില്ലാ താലൂക്ക് അധികാരികഠം എന്നിവർക്ക് യഥാസമയം അയച്ചുകൊടുത്തത് ഭാഷാമാററത്തിന് സഹായകമായിട്ടുണ്ട്. അതുപോലെ സർക്കാരിൽനിന്നും അപ്പഴപ്പോഠം കിട്ടുന്ന ഉത്തരവുകളും യഥായോഗ്യം വിതരണം ചെയ്യാൻ കഴിഞ്ഞത് ഭരണഭാഷ മലയാളമാക്കുന്നതിൽ ജീവനക്കാർക്ക് സഹായകരമായ ഒരന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ട്. താലൂക്ക് തലങ്ങളിലും ഡയറക്ടറേററിലും ഈ ലക്ഷ്യം നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. മലയാളം ടൈപ്പ്റൈററിൻെറ കുറവ് ഇതിനൊരു പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

## 13.4 ഏകോപന വിഭാഗം

വിവിധ വകുപ്പുകളിൽ പ്രവർത്തിച്ചുപോരുന്ന സ്ററാററിസ്ററിക്കൽ വിഭാഗങ്ങളുടെ പ്രവർത്തനം വിലയിരുത്തുകയും ഏകോപിപ്പിക്കുകയും ചെയ്യുക, അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സഹായകരമായ നിർദ്ദേശങ്ങഠം നൽകുക, മീററിംഗുകഠം സംഘടിപ്പിക്കുക ഇവയാണ് ഈ വിഭാഗത്തിൻെറ പ്രധാന ജോലി

റിപ്പോർട്ടുവർഷം വിവിധ വകുപ്പുകളിലെ സ്ററാററിസ്ററിക്കൽ വിഭാഗം മേധാവികളുടെ യോഗം ഡയറക്ടരുടെ അദ്ധ്യക്ഷതയിൽ 1984 മേയ് 18 മുതൽ 28 വരെയുള്ള ദിവസങ്ങളിൽ വികാസ്ഭവനിൽവെച്ച് കൂടുകയുണ്ടായി. പ്രസ്തുത യോഗം നടപ്പുവർഷത്തെ പ്രവർത്തനം അവലോകനം ചെയ്യുകയും അവ മെച്ചപ്പെടുത്തുന്നതിന് സഹായകരമായ പല തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## 13.5 മെക്കാനിക്കൽ ടാബുലേഷൻ വിഭാഗം

റിപ്പോർട്ടു വർഷത്തിൽ മെക്കാനിക്കൽ ടാബുലേഷൻ യൂണിററിൽ താഴെ പറയുന്ന നാല് ഷിഫ്ററുകൾ പ്രവർത്തിച്ചുവരുന്നു.

| ഷിഫ്ററുകൾ | സമയം |
|---|---|
| 1. സാധാരണ ഷിഫ്ററ് | 10.15 എ.എം. ററു 5.15 പി. എം. |
| 2. രാവിലത്തെ ഷിഫ്ററു | 6.00 എ.എം. ററു 12.15 പി. എം. |
| 3. ഉച്ചയ്ക്കുശേഷമുള്ള ഷിഫ്ററ് | 12.15 പി.എം. ററു 6.30 പി. എം. |
| 4. രാത്രിയിലുള്ള ഷിഫ്ററ് | 5,15 പി. എം. ററു 12.00 രാത്രി |

ഈ യൂണിററിൽ താഴെ പറയുന്ന മെഷീനുകൾ റിപ്പോർട്ടു വർഷത്തിൽ പ്രവർത്തന ക്ഷമമായിരുന്നു.

| | | |
|---|---|---|
| 1. | ആൽഫാ പഞ്ച് | 2 |
| 2. | ന്യൂമറിക്കൽ പഞ്ച് | 3 |
| 3. | ആൽഫാ വേരിഫയർ | 2 |
| 4. | ന്യൂമറിക്കൽ വേരിഫയർ | 2 |
| 5. | കാർഡു സോർട്ടർ | 1 |
| 6. | റിപ്രൊഡ്യൂസർ | 1 |

മെഷീനുകളുടെ അററകുററപ്പണികൾ കമ്പനിയുമായുള്ള കരാറിൻെറ അടിസ്ഥാനത്തിൽ യഥാസമയം നടത്തിവരുന്നുണ്ട്.

1984—85 വർഷത്തിൽ 1980-ലെ എക്കണോമിക് സെൻസസിലെ സർവേ വിവരങ്ങൾ പഞ്ചു ചെയ്യുകയും അവ വെരിഫൈ ചെയ്ത് യൂണിവേഴ്സിററി കംപ്യൂട്ടർ സെൻററിലേക്കും പ്രോസസിംഗിനുവേണ്ടി അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. അവിടെനിന്നും ആവശ്യമുള്ള വിവരം ഡൽഹിയിലേക്കു അയയ്ക്കുന്നുണ്ട്.

കൂടാതെ എൻ. എസ്. എസ്. ൻെറ തിരുത്തൽ ജോലിയും സെൻസസ് ഓഫ് ഗവൺമെൻറ് എംപ്ലോയീസ് ടാബുലേഷൻ ജോലിയും 1981—82 വർഷങ്ങളിലെ വൈററൽ സ്ററാററിസ്ററിക്സിൻെറ കോഡിംഗ്, പഞ്ചിംഗ്, വെരിഫിക്കേഷൻ, ടാബുലേഷൻ എന്നീ ജോലികളും നടപ്പുവർഷത്തിൽ ചെയ്തു കോണ്ടിരിക്കുന്നു.

ഇപ്പോഠ യൂണിവേഴ്സിററി കംപ്യൂട്ടർ സെൻററിൽ ഈ യൂണിററിൽ പഞ്ചു ചെയ്യുന്ന കാർഡുകഠ പ്രോസസിംഗിനു എടുക്കുന്നില്ല. ആയതിനാൽ തിരുവനന്തപുരത്തേയ്ക്കുള്ള പോലീസ് കംപ്യൂട്ടർ സെൻററിനെക്കൊണ്ട് പ്രസ്തുത പ്രോസസിംഗ് ജോലി ചെയ്യിക്കുന്നതിനുള്ള ശ്രമത്തിലാണ്.

13.6. പ്രസിദ്ധീകരണ വിഭാഗം

ഈ സ്റേററിൻെറ ആസൂത്രണത്തിന് ആവശ്യമായിവരുന്ന സ്ഥിതി വിവരക്കണക്കുകഠ ശേഖരിച്ചു പ്രസിദ്ധീകരിക്കുന്ന ചുമതലയാണ് ഈ വിഭാഗത്തിന് പ്രധാനമായും ഉള്ളത്. 1984–85-ൽ 'കേരള അററ് എ ഗ്ലാൻസ് 84' കേരള എക്കണോമി 84 എന്നീ റിപ്പോർട്ടുകഠ പ്രസിദ്ധീകരിച്ചു.

റിപ്പോർട്ടു വർഷത്തിൽ ഈ ഡിപ്പാർട്ടുമെൻറിൻെറ വിവിധ വിഭാഗങ്ങഠ തയ്യാറാക്കിയ താഴെ പറയുന്ന റിപ്പോർട്ടുകളും പ്രസദ്ധീകരിക്കുകയുണ്ടായി.

1. സാമ്പിഠ രജിസ്ട്രേഷൻ കേരള റൂറൽ റിപ്പോർട്ട് നമ്പർ 17 ഉം 18 ഉം.

2. റിപ്പോർട്ട് ഓൺ ആനുവൽ സർവേ ഓഫ് ഇൻഡസ്ട്രീസ് 1977–78.

3. സ്ററഡി ഓഫ് എഡ്യൂക്കേറഡ് അൺ എംപ്ലോയിഡ് ഷെഡ്യൂഠഡ് കാസ്ററ് ആൻഡ് ഷെഡ്യൂഠഡ് ട്രൈബ് ഇൻ കേരള.

4. എക്കണോമിക്സ് ആൻറ് സ്റാററിസ്ററിക്സ് ന്യൂസ് ലെററർ വോളിയം-1 നമ്പർ 3.

5. സി. ഡി. ബ്ലോക്ക് ഇൻ കായിലോൺ ഡിസ്ട്രിക്ററ്

6. സീസൺ ആൻറ് ക്രോപ്പ് റിപ്പോർട്ട് ഓഫ് കേരള 1978–79.

7. ഡിസ്ട്രിക്ററ് സ്റാററിസ്ററിക്കൽ ഹാൻഡ് ബുക്ക് കണ്ണൂർ 1981.

8. സ്ററഡി ഓൺ ദി യൂട്ടിലൈസേഷൻ ഓഫ് പോസ്ററ് ഗ്രാഡുവേററ് ഇൻ മോഡേൺ മെഡിസിൻ നവമ്പർ 1983.

9. സ്ററഡി ഓൺ വിമൻ ഇൻഡസ്ട്രീസ് പ്രോഗ്രാം ഇൻ കേരള 1984.

10. റിപ്പോർട്ട് ഓൺ ദി ടൈംലി റിപ്പോർട്ടിംഗ് സർവേ ഓൺ അഗ്രിക്കഠച്ചറൽ സ്റാററിസ്ററിക്സ് കേരള 1980–81.

11. എക്കണോമിക് റിവ്യൂ പാലക്കാട് ഡിസ്ട്രിക്ററ് 1980–81.

12. എ റിപ്പോർട്ട് ഓൺ ദി സ്റേറാക്ക് ഓഫ് ടെക്കനിക്കൽ മാൻപവർ ഇൻ കേരള മാൻപവർ സീരിസ് 47.

13. റിപ്പോർട്ട് ഓൺ ദി ട്രെൻഡ് ഇൻ താലൂക്ക് യീൽഡ് റേററ് ഓഫ് പാഡി.

14. റിപ്പോർട്ട് ഓൺ ഇവാലുവേഷൻ സ്ററഡി ഓഫ് ആയക്കട്ട് വെരിഫിക്കേഷൻ ഓഫ് മൈനർ ഇറിഗേഷൻ പ്രോജക്ററ് ഇൻ ട്രിവാൻഡ്രം ഡിസ്ട്രിക്ററ്.

15. റിപ്പോർട്ട് ഓൺ ഇവാലുവേഷൻ സ്ററഡി ഓഫ് ആയക്കട്ട് വെരിഫിക്കേഷൻ ഓഫ് മൈനർ ഇറിഗേഷൻ പ്രോജക്ററ് ഇൻ കൊയിലോൺ ഡിസ്ട്രിക്ററ്.

## 13.7 പ്ലാനിംഗ് വിഭാഗം

സംസ്ഥാനത്തിൻെറ വിവിധ മേഖലകളിലെ ആസൂത്രണത്തിന് ആവശ്യമായ കണക്കുകഠം ശേഖരിക്കുന്നതിനുപയുക്തമായ പദ്ധതികഠം തയ്യാറാക്കി ഗവൺമെൻറിന് സമർപ്പിക്കുന്നത് ഈ വിഭാഗത്തിൻെറ പ്രധാന ജോലിയാണ്.

ഡിപ്പാർട്ടുമെൻറിലെ പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്ത് പ്രതിമാസ ത്രൈമാസിക—അർദ്ധ വാർഷിക റിപ്പോർട്ടുകഠം തയ്യാറാക്കി സംസ്ഥാന ഗവൺമെൻറിനും കേന്ദ്ര ഗവൺമെൻറിനും അയയ്ക്കുന്നുണ്ട്.

ഡിപ്പാർട്ടുമെൻറിൻെറ 1984—85-ലെ വാർഷിക പദ്ധതിപ്രകാരമുള്ള സ്കീമുകഠം താഴെ പറയുന്നവയാണ്.

1. ജില്ലാ സ്ററാററിസ്ററിക്കൽ ഓഫീസുകഠം പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള സാമ്പത്തിക സ്ഥിതിവിവരക്കണക്കു വകുപ്പിൻെറ വികസനം. (ഇതിൽ താഴെ കാണുന്ന പരിപാടികഠം ഉഠംപ്പെടുത്തിയിരിക്കുന്നു).

(എ) മെക്കാനിക്കൽ ടാബുലേഷൻ യൂണിററ്

(ബി) സംസ്ഥാന വരുമാന നിർണ്ണയവിഭാഗത്തിൻെറ വികസനം

(സി) വ്യവസായികോല്പന്ന സൂചിക നിർമ്മാണവിഭാഗം

(ഡി) വിലവിവര വിഭാഗത്തിൻെറ വികസനം.

(ഇ) സർവേ ഡിസൈൻ വിഭാഗം

(എഫ്) ജില്ലാ സ്ഥിതിവിവരക്കണക്കു ആഫീസുകളുടെ വികസനം.

2. വകുപ്പിലെ ജീവനക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള സ്കീം.

3. സർവേകളും പഠനങ്ങളും (ഇതിൽ താഴെ കാണുന്ന സർവേകളും പഠനങ്ങളും ഉഠംപ്പെടുത്തിയിട്ടുണ്ട്).

(എ) സംസ്ഥാന വ്യാവസായിക—വാണിജ്യ മേഖലകളിലെ വേതന ഘടനാ സർവേ.

(ബി) സംസ്ഥാനത്തെ പ്രധാന കാർഷികവിളകളുടെ കൃഷിച്ചെലവുകളെപ്പററിയുള്ള സർവേ.

(സി) പ്രധാന വിളകൾ വിപണനത്തിന് ലഭ്യമാക്കുന്ന അളവിനെ പ്പററിയുള്ള സർവേ.

(ഡി) കർഷകത്തൊഴിലാളികളുടെ സാമ്പത്തിക സ്ഥിതിവിവരങ്ങ ളെക്കുറിച്ചുള്ള സർവേ.

4. സംസ്ഥാനത്തെ കാർഷിക സ്ഥിതിവിവരക്കണക്കുകൾ വർഷം തോറും ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുള്ള പദ്ധതി (50 ശതമാനം കേന്ദ്രസഹായം).

5. കാർഷിക സെൻസസ്

6. ഇറിഗേഷൻ സ്ഥിതിവിവരക്കണക്ക് മെച്ചപ്പെടുത്തൽ

7. സാമ്പത്തിക സെൻസസും സർവേയും

8. പുതിയ സങ്കേതിക വിദ്യ പ്രയോഗിക്കുന്നതിനുള്ള തടസ്സങ്ങളെ പ്പററിയുള്ള പഠനം.

റിപ്പോർട്ടുവർഷത്തിൽ ഈ ഡിപ്പാർട്ടുമെൻറിലെ 76 ഉദ്യോഗസ്ഥൻമാർക്കു സാങ്കേതിക പരിശീലനം നൽകുകയുണ്ടായി.

## അദ്ധ്യായം 14

## ചെലവുകൾ

റിപ്പോർട്ടു വർഷത്തിൽ വിവിധ പദ്ധതികൾക്കായി ചിലവായ 2 കോടി 61 ലക്ഷം രൂപയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

നോൺപ്ലാൻ 1984—85

| | |
|---|---|
| 304 (ഡി) 1 എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് ബ്യൂറോ | 11249800 |
| 304 (ഡി) 2 ദേശീയ സാമ്പിൾ സർവേ | 756300 |
| 304 (ഡി) 6 സംസ്ഥാന വരുമാനസ്ഥിതിവിവരക്കണക്കു വിഭാഗം | 191100 |
| 304 (ഡി) 13 വിലയിരുത്തൽ ഘടകം | 261900 |
| 320 എ (എഫ്) 5 വ്യവസായിക സ്ഥിതിവിവരക്കണക്കുകൾ | 121918 |
| 307 (എഫ്) 1 മണ്ണുസംരക്ഷണ വിലയിരുത്തൽ പരിപാടി | 122097 |
| 265 (ഇ) 3 മുനിസിപ്പാലിററികളിലെ സ്ററാററിസ്ററിക്സ് വിഭാഗം ശക്തിപ്പെടുത്തൽ | 570616 |
| 283 എ (ഇ) 1 ഹൗസിംഗ് സ്ററാററിസ്ററിക്കൽ സെൽ | 41114 |
| ആകെ | 13314845 |

പ്ലാൻ 1984—85

| | |
|---|---|
| 304 (ഡി) 13 സംസ്ഥാന സ്ററാററിസ്ററിക്കൽ ബ്യൂറോ സർവീസിലുള്ളവർക്ക് പരിശീലന പരിപാടി | 6000 |
| 304 (ഡി) 12 അതാതു കാലത്തെ കാർഷികസ്ഥിതി വിവരക്കണക്കുകൾ റിപ്പോർട്ടു ചെയ്യുന്നതിനുള്ള സർവേ | 10257000 |
| 304 (ഡി) 15 സാമ്പത്തിക സെൻസസും സർവേയും | 82329 |
| 304 (ഡി) 21 ജലസേചന സ്ഥിതിവിവരക്കണക്കുകൾ | 76800 |
| 304 (ഡി) 22 എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് ബ്യൂറോ ശക്തിപ്പെടുത്തൽ | 1089349 |
| 304 (ഡി) 23 സർവേകളും പഠനങ്ങളും | 957200 |
| 304 (ഡി) 25 പുതിയ സാങ്കേതികവിദ്യ പ്രയോഗിക്കുന്നതിനുള്ള തടസ്സങ്ങളെപ്പററിയുള്ള പഠനം | 107000 |
| 305 (എം) 1 കാർഷിക കാനേഷുമാരി | 105157 |
| 533 ഒ (1) 225 ജലസേചനപദ്ധതി | 12161 |
| 281 (എച്ച്) 2 | 46729 |
| ആകെ | 12739725 |
| ആകെ (നോൺ പ്ലാൻ+പ്ലാൻ) | 26054570 |

## അനുബന്ധം

ഉദ്യോഗസ്ഥൻമാരുടെ എണ്ണം (31—3—1985)
(മററു വകുപ്പുകളിൽ ജോലി ചെയ്യുന്നവരൊഴിച്ചുള്ള കണക്ക്)

| | | |
|---|---|---|
| 1. | ഡയറക്ടർ | 1 |
| 2. | അഡീഷണൽ ഡയറക്ടർമാർ | 3 |
| 3. | അഡ്മിനിസ്ട്രേററീവ് ഓഫീസർ | 1 |
| 4. | ജോയിൻറ് ഡയറക്ടർമാർ | 7 |
| 5. | ഡെപ്യൂട്ടി ഡയറക്ടർമാർ | 14 |
| 6. | അസിസ്ററൻറ് ഡയറക്ടർമാർ | 15 |
| 7. | അഡ്മിനിസ്ട്രേററീവ് അസിസ്ററൻറുമാർ | 2 |
| 8. | ജില്ലാ ആഫീസർമാർ | 13 |
| 9. | റീജിയണൽ ഓഫീസർമാർ | 4 |
| 10. | റിസർച്ച് ഓഫീസർമാർ | 45 |
| 11. | അഡീഷണൽ ജില്ലാ സ്ററാററിസ്ററിക്കൽ ഓഫീസർമാർ | 25 |
| 12. | പ്രൈസ് സൂപ്പർവൈസറി ഓഫീസർമാർ | 13 |
| 13. | സ്ക്രൂട്ടിനി ഓഫീസർമാർ | 3 |
| 14. | സീനിയർ സൂപ്രണ്ടുമാർ | 4 |

| | | |
|---|---|---|
| 15. | സീനിയർ സൂപ്പർവൈസർ മെക്കാനിക്കൽ ടാബുലേഷൻ | 1 |
| 16. | ഡെപ്യൂട്ടി ഹെൽത്ത് ഓഫീസർമാർ | 5 |
| 17. | റിസർച്ച് അസിസ്ററൻറുമാർ | 75 |
| 18. | സ്ററാററിസ്ററിക്കൽ ഇൻസ്പെക്ടർമാർ | 139 |
| 19. | പ്രൈസ് ഇൻസ്പെക്ടർമാർ | 13 |
| 20. | എം. ടി. സൂപ്പർവൈസർമാർ | 2 |
| 21. | ജൂനിയർ സൂപ്രണ്ടുമാർ | 3 |
| 21. | (എ) ഫെയർ കോപ്പി സൂപ്രണ്ടുമാർ | 2 |
| 22. | ഒന്നാം ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്ററൻറുമാർ | 3 |
| 23. | രണ്ടാം ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്ററൻറുമാർ | 2 |
| 24. | യു. ഡി. ഇൻവെസ്ററിഗേററർമാർ | 264 |
| 25. | യു. ഡി. കംപയിലർമാർ | 72 |
| 26. | യു. ഡി. പഞ്ച്കാർഡ് ഓപ്പറേററർമാർ | 2 |
| 27. | ജൂനിയർ സ്ററാററിസ്ററിക്കൽ ഇൻസ്പെക്ടർമാർ | 144 |
| 28. | യു. ഡി. ക്ലാർക്കുമാർ | 21 |
| 29. | ഡോക്കുമെൻറേഷൻ അസിസ്ററൻറ് | 1 |
| 30. | യു. ഡി. ടൈപ്പിസ്ററുമാർ | 8 |
| 31. | യു. ഡി. ഡ്രാഫ്ററ്സുമാൻ | 1 |
| 32. | എൽ. ഡി. ടൈപ്പിസ്ററുമാർ | 34 |
| 33. | എൽ. ഡി. ക്ലാർക്കുമാർ | 22 |
| 34. | എൽ. ഡി. കംപയിലർമാരും ഇൻവെസ്ററിഗേററർമാരും | 953 |
| 35. | എൽ. ഡി. ഡ്രാഫ്ററ്സുമാൻമാർ | 2 |
| 36. | എൽ. ഡി. പഞ്ചുകാർഡ് ഓപ്പറേററർമാർ | 23 |
| 37. | പ്രൈസ് റിപ്പോർട്ടർമാർ | 5 |
| 38. | ഡ്രൈവർമാർ | 10 |
| 39. | ഡഫേദാർ | 1 |
| 40. | മൊച്ചി | 1 |
| 41. | ഡ്യൂപ്ലിക്കേററർ ഓപ്പറേററർ | 1 |
| 42. | അററൻഡർ | 1 |
| 43. | പ്യൂൺമാർ | 68 |
| 44. | രാത്രിവാച്ചർ | 1 |
| | ആകെ | 2030 |

526